
2023
OCTOBER
07
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## രാജ്യത്ത് ഉപഗ്രഹ ഇന്റർനെറ്റിന്റെ ആദ്യ ട്രയൽ ഈ മാസം

**ന്യൂഡൽഹി:** രാജ്യത്ത് ഉപഗ്രഹ ഇന്റർനെറ്റിന്റെ ആദ്യ ട്രയൽ ഈ മാസം 27 മുതൽ 29 വരെ ഡൽഹിയിലെ ഇന്ത്യൻ മൊബൈൽ കോൺഗ്രസിന്റെ വേദിയിൽ നടക്കും. ഭാരതി എയർടെലിന് പങ്കാളിത്തമുള്ള വൺവെബിനും, റിലയൻസ് ജിയോയ്ക്കും ട്രയൽ നടത്തുന്നതിനുള്ള ഇന്റർനെറ്റ് സ്പെക്ട്രം ടെലികോം വകുപ്പ് ഇന്നലെ അനുവദിച്ചു. നിലവിൽ രാജ്യത്തെവിടെയും ഉപഗ്രഹ ഇന്റർനെറ്റ് നിലവിലില്ല. ഡൽഹി പ്രഗതി മൈതാനത്താണ് ഇന്ത്യൻ മൊബൈൽ കോൺഗ്രസ് നടക്കുക.

നൂറുകണക്കിന് ഉപഗ്രഹങ്ങൾ (ലോ എർത്ത് ഓർബിറ്റ് ലിയോ) വഴി ലോകമെങ്ങും കുറഞ്ഞ ചെലവിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നൽകുന്നതാണ് സാറ്റലൈറ്റ് ഇന്റർനെറ്റ്. ഭൂമിയുമായി വളരെ അടുത്ത ഭ്രമണപഥത്തിലാകും ഉപഗ്രഹങ്ങൾ വിന്യസിക്കുക.

ഉപഗ്രഹ ഇന്റർനെറ്റ് നൽകാനുള്ള രാജ്യത്തെ ആദ്യ ലൈസൻസ് ഭാരതി എയർടെലിന് പങ്കാളിത്തമുള്ള വൺവെബിനാണ് നൽകിയിരിക്കുന്നത്. റിലയൻസ് ജിയോ, ഇലോൺ മസ്കിന്റെ സ്റ്റാർലിങ്ക് അടക്കമുള്ള കമ്പനികളും ഇന്ത്യയിൽ ഉപഗ്രഹ ഇന്റർനെറ്റ് സേവനം നൽകാൻ ഒരുങ്ങുകയാണ്.

## ഉദ്ഗം പോർട്ടലിൽ 30 ബാങ്കുകൾ

**ന്യൂഡൽഹി:** അവകാശികളില്ലാത്ത ബാങ്ക് നിക്ഷേപങ്ങൾ സംബന്ധിച്ച വിവരങ്ങൾ കണ്ടെത്താനുള്ള റിസർവ് ബാങ്ക് കേന്ദ്രീകൃത പോർട്ടലിൽ (ഉദ്ഗം) ഉൾപ്പെട്ട ബാങ്കുകളുടെ എണ്ണം 30 ആയി. ഇത്തരം 90% നിക്ഷേപങ്ങളുടെയും വിവരങ്ങൾ ഇതോടെ പോർട്ടലിൽ ലഭ്യമായി. ഇതുവരെ 7 ബാങ്കുകൾ മാത്രമാണുണ്ടായിരുന്നത്.

അവകാശികളില്ലാത്ത നിക്ഷേപങ്ങൾ റിസർവ് ബാങ്കിന്റെ ഡിപ്പോസിറ്റർ എജ്യുക്കേഷൻ ആൻഡ് അവയർനെസ് (ഡിഇഎ) ഫണ്ടിലേക്കാണ് മാറ്റാറുള്ളത്. എങ്കിലും ഈ പണം അവകാശികൾക്ക് ക്ലെയിം ചെയ്യാൻ അവസരമുണ്ട്. ഓരോ ബാങ്കുകളും ഇത്തരം അക്കൗണ്ടുകൾ അവരവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് പകരമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള പുതിയ പോർട്ടൽ. ഒരാൾക്ക് എല്ലാ ബാങ്കുകളിലുമുള്ള നിക്ഷേപങ്ങളെക്കുറിച്ച് ഇതുവഴി അറിയാനാകും.

## മൊബൈൽ ടവർ: സംസ്ഥാനങ്ങൾക്ക് പെർമിറ്റ് ഫീ ഈടാക്കാം

**ന്യൂഡൽഹി:** മൊബൈൽ ടവർ സ്ഥാപിക്കുന്നതിനു പെർമിറ്റ് ഫീസ് ഈടാക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ലെന്ന ബിഎസ്എൻഎല്ലിന്റെ വാദം സുപ്രീം കോടതി തള്ളി.

സംസ്ഥാനത്തെ മുനിസിപ്പൽ, പഞ്ചായത്ത് മേഖലകളിൽ മൊബൈൽ ടവർ സ്ഥാപിക്കാൻ സർക്കാരുകൾക്ക് അധികാരമുണ്ടെന്നു വ്യക്തമാക്കിയ കോടതി, ഇതു സംബന്ധിച്ച സർക്കുലറുകളും ചട്ടവും സംസ്ഥാന സർക്കാരുകൾക്കു രൂപീകരിക്കാമെന്നും വ്യക്തമാക്കി.

ഛത്തീസ്ഗഡ് സർക്കാർ ഫീസ് ഈടാക്കിയതിന് എതിരെ ബിഎസ്എൻഎൽ നൽകിയ ഹർജിയിലാണ് കോടതിയുടെ സുപ്രധാന വിധി. സംസ്ഥാന സർക്കാരുകൾക്ക് ഫീസ് ഈടാക്കാൻ അനുമതി നൽകുന്ന നിയമം പാർലമെന്റ് പാസാക്കിയിട്ടില്ല.

ഇതു കേന്ദ്ര സർക്കാരിന്റെ നിയമനിർമാണ പരിധിയിൽപെടുന്ന വിഷയമാണ് തുടങ്ങിയ വാദങ്ങളാണ് ബിഎസ്എൻഎൽ നടത്തിയത്.

# ആണവ മിസൈൽ പരീക്ഷിച്ച് റഷ്യ; ദൂരം 20,000 കി.മീ



**മോസ്കോ:** യുക്രെയ്ൻ യുദ്ധത്തിന്റെയും പാശ്ചാത്യ രാജ്യങ്ങളുടെ ഉപരോധങ്ങളുടെയും പശ്ചാത്തലത്തിൽ പുതിയ ആണവ മിസൈൽ വിജയകരമായി പരീക്ഷിച്ച് റഷ്യ. ലോകത്തെ ഏറ്റവും ശക്തവും വേഗമേറിയതുമെന്ന് അവകാശപ്പെടുന്ന ബ്യൂറെവെസ്റ്റ്നിക് എന്ന സ്കൈഫാൾ മിസൈലാണു റഷ്യ പരീക്ഷിച്ചത്. നാറ്റോ നൽകിയതാണു സ്കൈഫാൾ എന്ന പേര്.

റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിൻ 2018ൽ തന്നെ ഈ മിസൈലിനെപ്പറ്റി സൂചിപ്പിച്ചിരുന്നു. യുദ്ധതന്ത്രത്തിൽ മേധാവിത്വം തുടരാൻ ഇതു റഷ്യയെ സഹായിക്കുമെന്നു പുട്ടിൻ പറഞ്ഞു. ആണവോർജത്തിൽ പ്രവർത്തിക്കുന്ന, ആണവ പോർമുന വഹിക്കാനാകുന്ന ക്രൂസ് മിസൈലാണിത്. 20,000 കിലോമീറ്ററിലേറെ ദൂരം പിന്നിടാൻ ശേഷിയുള്ളതാണു സ്കൈഫാൾ മിസൈലെന്നാണ് ഇന്റർനാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്ട്രാറ്റജിക് സ്റ്റഡീസിന്റെ റിപ്പോർട്ട്.

റഷ്യയുടെ വിവിധ ഭാഗങ്ങളിൽനിന്നു യുഎസിനെ ലക്ഷ്യമിടാൻ മിസൈലിനു സാധിക്കും. 50,100 മീറ്റർ താഴ്!ന്നു പറക്കുന്ന മിസൈലിനു വ്യോമപ്രതിരോധ റഡാർ സംവിധാനങ്ങളെ മറികടന്നു ലക്ഷ്യത്തിലെത്താം എന്നതും പ്രത്യേകതയാണ്.

സ്ഥിരതയുള്ള മനസ്സുള്ളവരാരും റഷ്യയ്ക്കെതിരെ ആണവായുധം ഉപയോഗിക്കില്ലെന്നു സ്കൈഫാൾ കരുത്തിനെ സൂചിപ്പിച്ച് പുട്ടിൻ അഭിപ്രായപ്പെട്ടു.

## ഇന്ത്യൻ ഭീഷണി ഫലിച്ചു; നയതന്ത്ര പ്രതിനിധികളെ സിംഗപ്പൂരിലേക്കും മലേഷ്യയിലേക്കും മാറ്റി കാനഡ

**ടൊറന്റോ:** ഇന്ത്യയിലെ നയതന്ത്ര പ്രതിനിധികളുടെ എണ്ണം കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് അന്ത്യശാസനം നൽകിയതിനു പിന്നാലെ, നയതന്ത്ര പ്രതിനിധികളെ മറ്റു രാജ്യങ്ങളിലേക്കു മാറ്റി കാനഡ. ഒക്ടോബർ പത്തിനകം ഇന്ത്യയിലെ കനേഡിയൻ നയതന്ത്ര പ്രതിനിധികളുടെ എണ്ണം കുറയ്ക്കണമെന്നാണ് ഇന്ത്യ ആവശ്യപ്പെട്ടിരുന്നത്. ഇതിനു പിന്നാലെ നയതന്ത്ര ഉദ്യോഗസ്ഥരെ സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലേക്കാണു മാറ്റുന്നത്.

ഖലിസ്ഥാൻ ഭീകരൻ ഹർദീപ് സിങ് നിജ്ജാറിന്റെ കൊലപാതകത്തിനു പിന്നാലെ ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്ര ബന്ധം വഷളായിരുന്നു. കാനഡക്കാർക്കു വീസ നൽകുന്നത് സെപ്റ്റംബർ 18 മുതൽ ഇന്ത്യ നിർത്തിവയ്ക്കുകയും ചെയ്തു. ഇതിനു പിന്നാലെയാണ് ഇന്ത്യയിലെ നയതന്ത്ര പ്രതിനിധികളുടെ എണ്ണം കുറയ്ക്കാൻ നിർദ്ദേശം നൽകിയത്.



# കാഞ്ഞിരപ്പള്ളി നഴ്സിങ് കോളജ് പ്രവേശനം ഈ വർഷം തന്നെ



**കാഞ്ഞിരപ്പള്ളി:** സർക്കാർ പുതിയതായി അനുവദിച്ച നഴ്സിങ് കോളജിൽ ഈ അക്കാദമിക് വർഷം (202324) തന്നെ ബിഎസ്സി നഴ്സിങ് കോഴ്സിലേക്കു പ്രവേശനം നടത്തുന്നതിനു നഴ്സിങ് കൗൺസിലിന്റെയും കേരള ആരോഗ്യ സർവകലാശാലയുടെയും അനുമതി ലഭിച്ചതായി ഗവ.ചീഫ് വിപ്പ് ഡോ. എൻ.ജയരാജ് അറിയിച്ചു. എംജി സർവകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ പ്രഫഷനൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (സിപാസ്) മുഖേനയാണ് കോഴ്സ് നടത്തുന്നത്. കഴിഞ്ഞ മാസമാണ് നഴ്സിങ് കോളജ് തുടങ്ങാൻ ആരോഗ്യ വകുപ്പ് അനുമതി നൽകി ഉത്തരവായത്. ആദ്യഘട്ടമായി 40 സീറ്റുകളിലാണ് പ്രവേശനം നൽകുന്നത്.

ഇവിടെ പഠിക്കുന്ന വിദ്യാർഥികൾക്ക് പരിശീലനത്തിനു ജനറൽ ആശുപത്രിയിൽ സൗകര്യമൊരുക്കും. ഇതിനായി കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ 150 കിടക്കകൾ ഉറപ്പാക്കി. ഇത് ഭാവിയിൽ കൂട്ടുന്നതിനനുസരിച്ചു നഴ്സിങ് സീറ്റുകളുടെയും എണ്ണം വർധിക്കും. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ പെട്ട വിദ്യാർഥികൾക്ക് നിശ്ചിത ശതമാനം സീറ്റുകളിലേക്ക് അഡ്മിഷനു പ്രത്യേക ഗ്രേസ്മാർക്ക് നൽകും. ആദ്യം കാഞ്ഞിരപ്പള്ളി ഈരാറ്റുപേട്ട റോഡിൽ കോവിൽക്കടവിൽ വാടക കെട്ടിടത്തിൽ ആരംഭിക്കുന്ന നഴ്സിങ് കോളജിന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് വെള്ളാവൂർ പഞ്ചായത്ത് പരിധിയിൽ മണിമലയിൽ ഏകദേശം 3 ഏക്കർ സ്ഥലം സ്വകാര്യവ്യക്തി സൗജന്യമായി വിട്ടുനൽകുന്നതിന് നടപടിയായതായും ചീഫ് വിപ്പ് അറിയിച്ചു.

എംഎൽഎ ഫണ്ട്, സീപാസ് ഫണ്ട് എന്നിവ ഉപയോഗിച്ച് അടുത്ത വർഷത്തിനകം കെട്ടിടവും നിർമിക്കും. അതുവരെ വാടക ക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനുള്ള സംവിധാനവും പൂർത്തിയാക്കി. ഇതിനായി 17500 ചതുരശ്ര അടി വിസ്തൃതിയിലുള്ള കെട്ടിടം വാടകയ്ക്ക് എടുത്തുകഴിഞ്ഞു. പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യവും ഒരുക്കി. നഴ്സിങ് കോളജ് ഉദ്ഘാടന ചടങ്ങ് സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നതിനു കമ്മിറ്റി രൂപീകരണം 7 ന് 11.30ന് ടൗൺ ഹാളിൽ നടത്തുമെന്നും ചീഫ് വിപ്പ് അറിയിച്ചു.

വീണ്ടും വികസനത്തിനു വഴിതെളിച്ചു വെള്ളാവൂർ പുതിയാമണ്ണിൽ കുടുംബ ട്രസ്റ്റ്. പെരുകാവ് ഹെൽത്ത് സെന്ററിന് ഒരേക്കർ സ്ഥലം, വെള്ളാവൂർ എൽപി സ്കൂളിനു സ്ഥലം, വെള്ളാവൂർ പഞ്ചായത്ത് ജലപദ്ധതിക്കു സ്ഥലം എന്നിങ്ങനെ പൊതു ആവശ്യങ്ങൾക്കു മുൻപും പലതവണ സ്ഥലം സൗജന്യമായി വിട്ടുനൽകിയ കുടുംബ ട്രസ്റ്റ് ഗവ.നഴ്സിങ് കോളജ് തുടങ്ങാൻ 3 ഏക്കർ സ്ഥലമാണു നൽകുന്നത്. ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ ആകെയുള്ള 7 ഏക്കറിൽ നിന്നാണ് 3 ഏക്കർ സ്ഥലം ഇപ്പോൾ വിട്ടു നൽകാൻ തയാറായിരിക്കുന്നത്. ബാലചന്ദ്രൻപിള്ള, ശ്രീരാജ്, രാധാകൃഷ്ണൻ എന്നിവരാണ് ഇപ്പോൾ ട്രസ്റ്റിന്റെ ഭാരവാഹികൾ. വികസനാവശ്യങ്ങൾക്ക് ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും ഗവ. ചീഫ് വിപ്പ് ഡോ.എൻ.ജയരാജ് അറിയിച്ചു. അടുത്ത മാസം മന്ത്രി ബിന്ദു നഴ്സിങ് കോളജ് ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ ട്രസ്റ്റ് ഭാരവാഹികളെ അനുമോദിക്കും.

# മൂന്നാർ: മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണണമെന്ന് നിയമസഭ പരിസ്ഥിതി സമിതി



**മൂന്നാർ:** നമ്മുടെ മൂന്നാർ പദ്ധതി തയാറാക്കി മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണണമെന്ന് നിയമസഭ പരിസ്ഥിതി സമിതി. നിയമസഭ പരിസ്ഥിതി സമിതിയുടെ നേതൃത്വത്തിൽ മൂന്നാർ പഞ്ചായത്ത് ഹാളിൽ തെളിവെടുപ്പിലാണ് തീരുമാനം. സമിതി ചെയർമാൻ ഇ.കെ.വിജയൻ, അംഗങ്ങളായ എൽദോസ് പി.കുന്നപ്പിള്ളിൽ, ലിന്റോ ജോസഫ്, ജോബ് മൈക്കിൾ എന്നിവരുടെ നേതൃത്വത്തിലായിരുന്നു യോഗം.

പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമാർജനം, ഗതാഗതപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ മറുപടി നൽകി. മൂന്നാറിലെ മാലിന്യപ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്നു സമിതി നിർദേശിച്ചു.

2017ൽ സംസ്ഥാന സർക്കാർ മൂന്നാറിനു വേണ്ടി പ്രഖ്യാപിച്ച പരിസ്ഥിതി റഗുലേറ്ററി അതോറിറ്റി രൂപീകരണം സംബന്ധിച്ച ചോദ്യങ്ങൾക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മൂന്നാറിലെ പുഴകൾ മലിനമാക്കും വിധത്തിൽ ഒഴുക്കുന്ന മലിന ജലം ഏകീകൃത സംവിധാനം വഴി ഹെഡ് വർക്സ് ഡാമിനു സമീപം എത്തിച്ച് ശുദ്ധീകരിക്കുന്ന പ്ലാന്റ് നിർമിക്കുന്നതിനായി ഭൂമി കണ്ടെത്തിയതായും എന്നാൽ ഭൂമി ഏറ്റെടുത്തു നൽകാൻ റവന്യു വകുപ്പ് നടപടി സ്വീകരിക്കുന്നില്ലെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു.

പ്ലാന്റ് നിർമിക്കുന്നതിനായി കണ്ടെത്തിയ രണ്ടര ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്വകാര്യ വ്യക്തിയുമായുള്ള തർക്കം പരിഹരിച്ച് 2 ദിവസത്തിനുള്ളിൽ നടപടിയെടുക്കാൻ സമിതി സബ് കലക്ടർ, എഡിഎം എന്നിവരെ ചുമതലപ്പെടുത്തി. യോഗത്തിൽ പുതുതായി 25 പരാതികൾ ലഭിച്ചതായും ഇവ പരിശോധനകൾക്കായി വിവിധ വകുപ്പുകൾക്ക് കൈമാറുമെന്നും സമിതി ചെയർമാൻ പറഞ്ഞു. യോഗത്തിലുയർന്ന അഭിപ്രായങ്ങളും സമിതി വിവിധ വകുപ്പുകൾക്ക് നൽകിയ നിർദേശങ്ങളും സമിതി സർക്കാരിനു സമർപ്പിക്കുമെന്നും ചെയർമാൻ പറഞ്ഞു.

യോഗത്തിനു ശേഷം സമിതി അംഗങ്ങൾ ദേവികുളം ഗ്യാപ് റോഡ്, മൂന്നാർ പഞ്ചായത്ത് മേഖലയിലെ മാലിന്യം ഉപയോഗിച്ച് വളം നിർമിക്കുന്ന കല്ലാറിലെ ജൈവ വള പ്ലാന്റ് എന്നിവ സന്ദർശിച്ചു. വിവിധ ത്രിതല പഞ്ചായത്തംഗങ്ങൾ, വിവിധ വകുപ്പു തലവൻമാർ തുടങ്ങിയവർ പ്രസംഗിച്ചു.

# കേരളത്തെ സിനിമ നിർമാണ കേന്ദ്രമാക്കി മാറ്റും: മന്ത്രി സജി ചെറിയാൻ

**കോഴിക്കോട്:** കേരളത്തെ സിനിമ നിർമാണ കേന്ദ്രമാക്കി മാറ്റാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷന് കീഴിലെ കൈരളി, ശ്രീ തിയേറ്റർ സമുച്ചയത്തിൽ ഒരുക്കിയ വേദി ഓഡിറ്റോറിയം ആൻഡ് കോൺഫറൻസ് റൂം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിന്റെ പ്രകൃതിരമണിയതയുടെ പത്ത് ശതമാനം പോലും സിനിമാ നിർമ്മാണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നില്ല. തിരുവനന്തപുരത്തും കൊച്ചിയിലും ആധുനികമായി ഏത് സിനിമ വേണമെങ്കിലും ചിത്രീകരിക്കാവുന്ന തരത്തിൽ പ്രൊഡക്ഷൻ സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

ചിത്രാഞ്ജലി സ്റ്റുഡിയോ 150 കോടി രൂപയ്ക്കാണ് നവീകരിക്കുന്നത്. അതിന്റെ ആദ്യ ഘട്ട നിർമ്മാണം ആരംഭിച്ചു. കേരളത്തിൽ നിർമ്മിക്കുന്ന സിനിമകൾ മാത്രമല്ല ഇന്ത്യക്ക് പുറത്തേയും സിനിമ കേരളത്തിൽ പ്രൊഡക്ഷൻ ചെയ്യാനുള്ള തരത്തിൽ കേരളത്തെ മാറ്റിയെടുക്കണം. അതിനുള്ള എല്ലാ സാഹചര്യവും നമുക്കുണ്ട്. മാത്രമല്ല കലാകാരന്മാരെ സംരക്ഷിക്കാൻ കഴിയുന്ന തരത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സിനിമയെ ഒരു വ്യവസായമായി കാണുന്ന തരത്തിൽ ഒരു സിനിമാ നയം തന്നെ സർക്കാർ തയ്യാറാക്കിക്കൊണ്ടിരിക്കിയാണ്. നമ്മുടെ സിനിമാ രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ട്. സിനിമ രംഗത്ത് പ്രവർത്തിക്കാൻ താൽപര്യപ്പെട്ട് വരുന്ന എല്ലാവരെയും അതിൽ പങ്കാളികളാക്കുന്ന തരത്തിലും എല്ലാവരെയും സംരക്ഷിക്കുന്ന തരത്തിലുമുള്ള നയമാണ് സർക്കാർ രൂപീകരിക്കുന്നത്. ഈ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ആ മേഖലയുമായി ബന്ധപ്പെട്ടവരോട് നേരിട്ട് സംവദിക്കാൻ ഉദ്ദേശിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

തോട്ടത്തിൽ രവീന്ദ്രൻ എം എൽ എ അധ്യക്ഷനായി. 1170 ചതുരശ്ര അടി ഏരിയയിൽ 100 പേർക്ക് ഇരിക്കാവുന്ന രീതിയിൽ പ്രൊജക്ഷൻ സൗകര്യങ്ങളോടു കൂടിയാണ് വേദി ഓഡിറ്റോറിയം സജ്ജീകരിച്ചിട്ടുള്ളത്. ഓഡിറ്റോറിയത്തോട് ചേർന്ന് 300 ചതുരശ്ര അടിയിൽ പരാമവധി 20 പേർക്ക് വരെ യോഗം ചേരാവുന്ന രീതിയിലാണ് കോൺഫറൻസ് റൂം നിർമ്മിച്ചിട്ടുള്ളത്. അനുബന്ധമായി ടോയിലറ്റ് സൗകര്യങ്ങളും ഈ സമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചടങ്ങിൽ മേയർ ഡോ. ബീന ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി മേയർ മുസാഫർ അഹമ്മദ്, കെ.എസ്.എഫ്.ഡി.സി ചെയർമാൻ ഷാജി എൻ. കരുൺ, ജനപ്രതിനിധികൾ, രാഷ്ട്രീയ സാംസ്കാരിക മേഖലയിലെ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

## ഗുരുഗോപിനാഥ് ദേശീയനാട്യ പുരസ്കാരം 2023: അപേക്ഷകളും നാമനിർദേശങ്ങളും ക്ഷണിച്ചു

**തിരുവനന്തപുരം:** ഇന്ത്യൻ ക്ലാസിക്കൽ നൃത്തനാട്യകലകളുടെ വളർച്ചയിൽ ജീവിതമർപ്പിച്ച മുതിർന്ന പ്രതിഭകളെ ആദരിക്കുന്നതിനായി സംസ്ഥാന സാംസ്കാരിക വകുപ്പിനുവേണ്ടി ഗുരുഗോപിനാഥ് നടനഗ്രാമം ഏർപ്പെടുത്തിയ 2023ലെ ഗുരുഗോപിനാഥ് ദേശീയ നാട്യ പുരസ്കാരത്തിന് നാമനിർദേശങ്ങളും അപേക്ഷകളും ക്ഷണിച്ചു. മൂന്നു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവുമടങ്ങുന്നതാണു ഗുരുഗോപിനാഥ് ദേശീയ നാട്യപുരസ്കാരം. കേന്ദ്ര സർക്കാർ അംഗീകരിച്ച ശാസ്ത്രീയ നൃത്തനാട്യകലകളിലെ സമഗ്ര സംഭാവനയാണ് പുരസ്കാരത്തിനുള്ള പ്രധാന പരിഗണന. നൃത്തചാര്യൻ ഗുരുഗോപിനാഥിന്റെ പേരിൽ കേരളത്തിലെ നൃത്തനാട്യ പ്രതിഭകൾക്ക് നൽകിവന്ന പുരസ്കാരം 2018ലാണ് ദേശീയ പുരസ്കാരത്തിനായി ഉയർത്തിയത്.

പുരസ്കാരത്തിനായി സ്വയം അപേക്ഷിക്കാത്തവർക്കുവേണ്ടി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാമനിർദേശങ്ങളയയ്ക്കാം. പുരസ്കാരത്തിന് ഒരിക്കൽ തിരഞ്ഞെടുത്ത നൃത്തരൂപം പിന്നീട് പരിഗണിക്കപ്പെടുക മൂന്നു വർഷത്തിന് ശേഷമായിരിക്കും.

അപേക്ഷകളും നാമനിർദേശങ്ങളും ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 27. അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ഗുരുഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്, തിരുവനന്തപുരം 695 013, ഫോൺ: 0471 2364771. ഇമെയിൽ secretaryggng@gmail.com. കൂടുതൽ വിവരങ്ങൾക്ക്: www.gurugopinathnatanagramam.org.

## പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിങ് 10ന്

**തിരുവനന്തപുരം:** കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന ഒക്ടോബർ 10നു രാവിലെ 11ന് എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സിറ്റിങ് നടത്തും.

കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി. ശശിധരൻ, മെമ്പർമാരായ ഡോ. എ.വി. ജോർജ്ജ്, സുബൈദാ ഇസ്ഹാക്ക്, തുടങ്ങിയവർ പങ്കെടുക്കും.

# പാസഞ്ചർ ഇലക്ട്രിക് ത്രീവീലർ ബജാജ് ആർഇ ഇടെക് 9.0 കൊച്ചിയിൽ അവതരിപ്പിച്ചു

- ബജാജ് ആർഇ ഇടെക് 9.0 ൽ 8.9 കിലോവാട്ട് ബാറ്ററി 178 കിലോമീറ്റർ ദൂരം പ്രദാനം ചെയ്യും
- 3.06 ലക്ഷം രൂപയാണ് ബജാജ് ആർഇ ഇടെക് 9.0 ന്റെ കൊച്ചിയിലെ എക്സ് ഷോറും വില

**കൊച്ചി:** ഇരുചക്ര, മുച്ചക്ര വാഹന നിർമ്മാണ മേഖലയിൽ ലോകത്തിലെ മുൻനിര കമ്പനിയായ ബജാജ് ഓട്ടോ ലിമിറ്റഡ് പാസഞ്ചർ ഇലക്ട്രിക് ത്രീവീലർ ബജാജ് ആർഇ ഇടെക് 9.0 കൊച്ചിയിൽ അവതരിപ്പിച്ചു. ഹൈബി ഈഡൻ എം.പി, ബജാജ് ഓട്ടോ ലിമിറ്റഡ് നാഷണൽ വൈസ് പ്രസിഡന്റ്(സെയിൽസ്) ഗൗരവ് റത്തോർ, ഡീലർ കെ.പി മോട്ടേഴ്സ് എം.ഡി മാത്യു ജോഷാ എന്നിവർ ചേർന്നാണ് വാഹനം വിപണിയിൽ അവതരിപ്പിച്ചത്. എറണാകുളം ജില്ലാ ഓട്ടോറിക്ഷ ഡ്രൈവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് എം.ബി സ്യമന്തഭദ്രൻ ഡയറക്ടർ ബോർഡ് അംഗങ്ങളായ സൈമൺ ഇടപ്പള്ളി,ബിനു വർഗ്ഗീസ് തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.റേഞ്ച്, ലോഡ്വഹിക്കുന്ന കഴിവ്, ഗ്രേഡബിലിറ്റി എന്നിവയിൽ ഉയർന്ന പ്രകടനം നൽകുന്ന വിധത്തിലാണ് പുതിയ വാഹനം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഗൗരവ് റത്തോർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ഐപി 67 റേറ്റഡ് അഡ്വാൻസ്ഡ് ലിഅയൺ ബാറ്ററി, ടുസ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ, പെർമനന്റ് മാഗ്നറ്റിക് സിൻക്രണൈസ് (ജങ്ങട) മോട്ടോർ എന്നിവ പാസഞ്ചർ ഇലക്ട്രിക് ത്രീവീലറിൽ സജ്ജമാക്കിയിട്ടുണ്ടെന്നും ഇവ വാഹനത്തെ കൂടുതൽ മികവുറ്റതക്കുമെന്നും ഗൗരവ് റത്തോർ പറഞ്ഞു.16 ആംപിയർ 220 വോൾട്ട് പ്ലഗ് പോയിന്റിലും ബാറ്ററി ചാർജ് ചെയ്യാം. വാഹനത്തിൽ ഓൺബോർഡ് ചാർജർ സംവിധാനം ഉള്ളതിനാൽ ഭാരമേറിയ മറ്റൊരു ചാർജർ കൂടെകരുതേണ്ടതില്ല. ഇത് റീ ചാർജിംഗ് സൗകര്യപ്രദമാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

മുച്ചക്ര വാഹന വിപണിയിലെ അതികായരായ തങ്ങൾക്ക് ഉപഭോക്താക്കളുടെ മികച്ച പിന്തുണയാണ് ഇലക്ട്രിക് പാസഞ്ചർ ത്രീവീലർ അവതരിപ്പിക്കാൻ പ്രചോദനമായതെന്നും ഗൗരവ് റത്തോർ പറഞ്ഞു. സുരക്ഷിതവും വിശ്വസനീയവും ഉയർന്ന പ്രവർത്തനക്ഷമതയുള്ളതുമായ വാഹനം വികസിപ്പിക്കുക, റേഞ്ച്, ലോഡ് വഹിക്കാനുള്ള ശേഷി, ഗ്രേഡബിൾറ്റി, വിൽപ്പനാനന്തര സേവനം എന്നിവയ്ക്കാണ് മുൻഗണനയെന്നും ഇന്ത്യയിലെ എല്ലാ നഗരങ്ങളിലുംഇലക്ട്രിക് പാസഞ്ചർ ത്രീവീലർ ലഭ്യമാക്കുമെന്നും ഗൗരവ് റാത്തോഡ് വ്യക്തമാക്കി.ആധുനിക ടെക്നോളജിയുടെ അടിസ്ഥാനത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന വാഹനത്തിൽ 8.9 കിലോവാട്ട് (8.9 സണവ) ബാറ്ററിയാണ് ഉപയോഗിക്കുന്നതെന്ന് ബജാജ് ഓട്ടോ ലിമിറ്റഡ് റീജ്യണൽ മാനേജർ(സെയിൽസ്) അരുൺ ജോസഫ് പറഞ്ഞു. ഒറ്റചാർജ്ജിൽ 178 കിലോമീറ്റർ ദൂരം യാത്ര ചെയ്യാൻ സാധിക്കും.വലിയ ട്യൂബ്ലെസ് റേഡിയൽ ടയറുകളാണ് വാഹനത്തിനുള്ളത് ഇത് ഡ്രൈവിംഗ് ആയാസരഹിതമാക്കും. ദൃഢമായ മെറ്റൽ ബോഡിയും സിവി ഷാഫ്റ്റും ഭംഗിക്കൊപ്പം വാഹനത്തിന്റെ അറ്റകുറ്റപ്പണി ചെലവ് കുറയ്ക്കുകയും ചെയ്യുന്നു. 15 ലക്ഷം ക്യുമുലേറ്റീവ് ഡ്രൈവിഗ് പരീഷണം നടത്തി വാഹനത്തിന്റെ ഡ്രൈവിംഗിലെ കാര്യക്ഷമതയും പ്രകടനവും വിശ്വാസ്യതയും ഉറപ്പു വരുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വാഹന ഉടമകൾക്ക് കുറ്റമറ്റ വാറണ്ടിക്കൊപ്പം എല്ലാ ദിവസവും ഇരുപത്തിനാല് മണിക്കൂറും റോഡ് സൈഡ് അസിസ്റ്റൻസ് ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു. 3.06 ലക്ഷം രൂപയാണ് വാഹനത്തിന്റെ കൊച്ചിയിലെ എക്സ് ഷോറും വില.




**ബജാജ് ഓട്ടോ ലിമിറ്റഡ് പാസഞ്ചർ ഇലക്ട്രിക് ത്രീവീലർ ബജാജ് ആർഇ ഇടെക് 9.0 ഹൈബി ഈഡൻ എം.പി, ബജാജ് ഓട്ടോ ലിമിറ്റഡ് നാഷണൽ വൈസ് പ്രസിഡന്റ്(സെയിൽസ്) ഗൗരവ് റത്തോർ എന്നിവർ ചേർന്ന് കൊച്ചിയിൽ അവതരിപ്പിച്ചപ്പോൾ. കെ.പി മോട്ടേഴ്സ് എം.ഡി മാത്യു ജോഷാ, ബജാജ് ഓട്ടോ ലിമിറ്റഡ് റീജ്യണൽ മാനേജർ(സെയിൽസ്) അരുൺ ജോസഫ് എന്നിവർ സമീപം**

കെ.പി മോട്ടേഴ്സ് ആണ് ബജാജിന്റെ എറണാകുളത്തെ അംഗീകൃത ഡീലർ. ഫോൺ: 7559996402

# അഗ്രികൾച്ചർ സയൻസ് കോൺഗ്രസിന് ആതിഥ്യമരുളാൻ കൊച്ചി ഒരുങ്ങി

**കൊച്ചി:** 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിന് ആതിഥ്യമരുളാൻ കൊച്ചി ഒരുങ്ങി. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസ് (നാസ്) സംഘടിപ്പിക്കുന്ന സമ്മേളനം ഒക്ടോബർ 10 ന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും. കേന്ദ്ര കൃഷി ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡയറക്ടർ ജനറലുമായ ഡോ ഹിമാൻഷു പഥക് അധ്യക്ഷത വഹിക്കും.

സംസ്ഥാന കൃഷി മന്ത്രി പി പ്രസാദ്, ഹൈബി ഈഡൻ എംപി, ഡോ ട്രിലോചൻ മൊഹാപത്ര, നബാർഡ് ചെയർമാൻ കെ വി ഷാജി എന്നിവർ വിശിഷ്ടാതിഥികളാകും. നാല് ദിവസങ്ങളിലായി ഹോട്ടൽ ലെ മെറിഡിയനിൽ നടക്കുന്ന കോൺഗ്രസിന് ഇത്തവണ ആതിഥ്യം വഹിക്കുന്നത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ്.ഇന്ത്യയിലെ കാർഷികഅനുബന്ധ മേഖലകളിലെ സുപ്രധാന പഠനങ്ങളും വികസനപ്രവർത്തനങ്ങളും ചർച്ച ചെയ്യുന്ന അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് കേരളത്തിലാദ്യമായാണ് സംഘടിപ്പിക്കപ്പെടുന്നത്. പ്രഗൽഭ കാർഷിക സാമ്പത്തികവിദഗ്ധർ, ശാസ്ത്രജ്ഞർ, ആസൂത്രണവിദഗധർ, കർഷകർ, വ്യവസായികൾ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുക്കും.ലോകബാങ്ക് ലീഡ് ഇക്കണോമിസ്റ്റ് ഡോ മാധൂർ ഗൗതം, ഭാരത് ബയോടെക് എംഡി ഡോ കൃഷ്ണ എല്ല, കാർഷിക വില കമ്മീഷൻ ചെയർമാൻ ഡോ വിജയ് പോൾ ശർമ, ഡോ പ്രഭു പിൻഗാളി, ഡോ റിഷി ശർമ, ഡോ കടമ്പോട്ട് സിദ്ധീഖ് തുടങ്ങി പ്രമുഖരുടെ നീണ്ട നിര സമ്മേളനത്തിലെ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും.

അഞ്ച് പ്ലീനറി പ്രഭാഷണങ്ങൾ, മൂന്ന് പാനൽ ചർച്ചകൾ, നാല് സിംപോസിയങ്ങൾ എന്നിവ കോൺഗ്രസിലുണ്ട്. കാർഷികഭക്ഷ്യോൽപാദനവുമായി ബന്ധപ്പെട്ട 10 പ്രധാന തീമുകളിലായി പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം, ജനിതക വിളകൾ, മൃഗസംരക്ഷണം, മത്സ്യകൃഷി, ഭക്ഷ്യസംസ്കരണം, ഡിജിറ്റൽ കൃഷി, നിർമിത ബുദ്ധി അധിഷ്ഠിത കാർഷികവൃത്തി തുടങ്ങിയ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

കർഷക സംഗമം സമ്മേളനത്തിന്റെ മുഖ്യ ആകർഷങ്ങളിലൊന്നാണ്. പദ്മ പുരസ്കാര ജേതാക്കളുൾപ്പടെയുള്ള കർഷകർ അവരുടെ അനുഭവങ്ങൾ പങ്കുവെക്കും. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രജ്ഞരുമായി ചർച്ച ചെയ്യാനും കർഷകശാസ്ത്രജ്ഞ സംവാദവും ഇതോടനുബന്ധിച്ച് നടക്കും. കാർഷികരംഗത്തെ വ്യവസായികളും ശാസ്ത്രജ്ഞരും തമ്മിലുള്ള ആശയസംവാദവും സമ്മേളനത്തിലുണ്ട്.ഇന്ത്യക്കകത്തും പുറത്തുനിന്നുമായി 1500ലേറെ പ്രതിനിധികൾ കോഗ്രസിൽ പങ്കെടുക്കും. സർക്കാർ സ്വകാര്യ മേഖലകളിലെ ഗവേഷണ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും മറ്റും നൂതന കാർഷികസാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്ന അഗ്രി എക്സ്പോയും ഉണ്ട്.

# സന്തോഷ് ട്രോഫി ചരിത്രവിജയം ആഘോഷിക്കാനൊരുങ്ങി കൊച്ചി കോർപ്പറേഷൻ

**കൊച്ചി:**1978 ഡിസംബർ 27ന് കേരളം ആദ്യമായ് സന്തോഷ്ട്രോഫി നേടിയതിന്റെ ചരിത്രം വിജയം കൊച്ചി കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആഘോഷിക്കുന്നു. സന്തോഷ് ട്രോഫി കീരിടം ആദ്യമായ് സ്വന്തമാക്കിയ എറണാകുളം മഹാരാജാസ് ഗ്രൗണ്ടിൽ വെച്ചാണ് പ്രധാന ആഘോഷപരിപാടികൾ.

1978ലെ ടീം അംഗങ്ങളെ ക്യാഷ് അവാർഡ് ഉൾപ്പെടെ നൽകി ആദരിക്കും.

സംസ്ഥാനത്തെ പ്രമുഖ ടീമുകൾ, നഗരത്തിലെ സ്കൂൾ കോളേജ് ടീമുകൾ എന്നിവർ പങ്കെടുക്കുന്ന മേയേഴ്സ് ട്രോഫി ഫുട്ബോൾ മത്സരം, സെമിനാർ, എക്സിബിഷൻ, 1000 കുട്ടികൾക്ക് ഫുട്ബോൾ നൽകുന്ന ചടങ്ങ്, ഫുട്ബോൾ കോച്ചിംഗ് സെൻറർ ആരംഭിക്കൽ തുടങ്ങിയ പരിപാടികളാണ് സംഘടിപ്പിക്കുന്നത്.

ഇതിനായി ഡെപ്യൂട്ടി മേയർ കെ.എ.അൻസിയ അധ്യക്ഷതയിൽ കൂടി സംഘാടക സമിതി രൂപീകരണ യോഗം മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.


കെ.എം.എ. മേത്തർ, എ.എൻ. രവീന്ദ്രദാസ്, വി.പി.ചന്ദ്രൻ, സി.വി.സീന, വിജു ചൂളക്കൽ, കൗൺസിലർ എം.ജി.അരിസ്റ്റോട്ടിൽ എന്നിവർ സംസാരിച്ചു.

# ഐപിഒയ്ക്ക് ഒരുങ്ങി ആശീർവാദ് മൈക്രോ ഫിനാൻസ്

**കൊച്ചി:** മണപ്പുറം ഫിനാൻസിനു കീഴിലുള്ള ആശീർവാദ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് പ്രഥമ ഓഹരി വിൽപ്പന(ഐപിഒ)യ്ക്കുള്ള കരടുരേഖ (ഡിആർ.എച്ച്.പി) മൂലധന വിപണി നിയന്ത്രണ ബോർഡായ സെബിയിൽ സമർപ്പിച്ചു. 10 രൂപ മുഖവിലയുള്ള പുതിയ ഓഹരികളുടെ വിൽപ്പനയിലൂടെ 1500 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം.75 ശതമാനത്തിൽ കുറയാത്ത ഓഹരികൾ ആനുപാതികമായി യോഗ്യരായ ഇൻസ്റ്റിറ്റ്യൂഷനൽ നിക്ഷേപകർക്കും, 15 ശതമാനത്തിൽ കവിയാത്ത ഓഹരികൾ നോൺഇൻസ്റ്റിറ്റ്യൂഷനൽ നിക്ഷേപകർക്കും 10 ശതമാനം വരെ വ്യക്തിഗത നിക്ഷേപകർക്കും നീക്കിവച്ചിരിക്കുന്നു. ഐപിഒയ്ക്കു മുന്നോടിയായി പ്രൈവറ്റ് ഇക്വിറ്റി വിറ്റഴിക്കുന്നതിലൂടെ 300 കോടി രൂപ വരെ സമാഹരിക്കുന്ന കാര്യവും കമ്പനി പരിഗണിക്കുന്നു.

ഇതു നടന്നാൽ വിറ്റഴിക്കുന്ന പുതിയ ഓഹരികളുടെ എണ്ണം കുറയ്ക്കും. ഐപിഒയിലൂടെ സമാഹരിക്കുന്ന ഫണ്ട് കമ്പനിയുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ഭാവി ബിസിനസ് ആവശ്യങ്ങൾക്കും വിനിയോഗിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ആശീർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡ് 2018ൽ രണ്ടു ശാഖകളുമായി തമിഴ്നാട്ടിലാണ് പ്രവർത്തനം തുടങ്ങിയത്. കമ്പനി വളർന്ന് ഇന്ന് 22 സംസ്ഥാനങ്ങളിലും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 1684 ശാഖകളുണ്ട്. രാജ്യത്തുടനീളം 450 ജില്ലകളിൽ കമ്പനിയുടെ സാന്നിധ്യമുണ്ട്. 2023 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 32.5 ലക്ഷം സജീവ മൈക്രോഫിനാൻസ് ഇടപാടുകാർ കമ്പനിക്കുണ്ട്. സ്വർണ വായ്പകളും എംഎസ്എംഇ വായ്പകളും കമ്പനി നൽകുന്നുണ്ട്.




**കൊച്ചി/ മുംബൈ:** രാജ്യത്തെ മുൻനിര ഇമാർക്കറ്റ് പ്ലേസുകളിലൊന്നായ റിലയൻസ് റീട്ടെയിലിന്റെ ജിയോമാർട്ട്, ഇന്ത്യൻ ക്രിക്കറ്റ് താരം മഹേന്ദ്ര സിംഗ് ധോണിയെ ബ്രാൻഡ് അംബാസഡറായി നിയമിച്ചു. ജിയോമാർട്ടിന്റെ ഉത്സവ കാമ്പെയ്ൻ ജിയോ ഉത്സവ്, സെലിബ്രേഷൻസ് ഓഫ് ഇന്ത്യ 2023 ഒക്ടോബർ 8ന് ആരംഭിക്കും.

നിലവിൽ ഞങ്ങളുടെ മൊത്തത്തിലുള്ള വിൽപ്പനയുടെ 60% നോൺമെട്രോ പ്രദേശങ്ങളാണെന്നും, ഇത് ക്രമാനുഗതമായ വളർച്ചയുടെ അടയാളവും ഡിജിറ്റൽ റീട്ടെയിൽ ജനാധിപത്യവൽക്കരിക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങളുടെ ഫലപ്രാപ്തിയുടെ യഥാർത്ഥ സാക്ഷ്യവുമാണെന്നും ജിയോമാർട്ട് സി.ഇ.ഒ. ആയ സന്ദീപ് വരഗന്തി പറഞ്ഞു.പ്രാദേശിക കരകൗശല തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്നതിൽ ജിയോമാർട്ട് എപ്പോഴും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. പ്ലാറ്റ്ഫോമിൽ നിലവിൽ 1000+ കരകൗശല വിദഗ്ധരുണ്ട്.

ഇതിൽ 1.5 ലക്ഷം അതുല്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നു. വാസ്തവത്തിൽ, പ്രചാരണ ചിത്രീകരണത്തിന്റെ ഭാഗമായി വരഗന്തി, ബീഹാറിൽ നിന്നുള്ള അവാർഡ് നേടിയ കരകൗശല വിദഗ്ധയായ അംബികാ ദേവി നിർമ്മിച്ച മധുബനി പെയിന്റിംഗ് ധോണിക്ക് സമ്മാനിച്ചു.

ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളും മികച്ച അനുഭവവും വാഗ്ദാനം ചെയ്യുന്നതിൽ മാത്രമല്ല, ദശലക്ഷക്കണക്കിന് കരകൗശല വിദഗ്ധരെയും എസ്.എം.ബി.കളെയും എളുപ്പത്തിൽ ബിസിനസ്സ് നടത്താൻ പ്രാപ്തരാക്കുന്നതിലും ജിയോമാർട്ട് ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ജിയോമാർട്ടിനൊപ്പം ചേരാനും ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ ഷോപ്പിംഗ് യാത്രയുടെ ഭാഗമാകാനും കഴിഞ്ഞതിൽ ഞാൻ വളരെ ആവേശത്തിലാണ്.മഹേന്ദ്ര സിംഗ് ധോണി പറഞ്ഞു.

# റയൽ മാഡ്രിഡിന്റെ ഡെസ്റ്റിനേഷൻ പാർട്ണർ ആയി വിസിറ്റ് ദുബായ്

**കൊച്ചി:** മുൻനിര ബ്രാൻഡുകളായ വിസിറ്റ് ദുബൈയും റയൽ മാഡ്രിഡ് ക്ലബ് ഡി ഫുട്ബോളും സുപ്രധാന സഹകരണത്തിന് തുടക്കമിട്ടു. ഒന്നിലധികം വർഷത്തിലേക്കുള്ള ഈ കരാർ റയൽ മാഡ്രിഡ് ആരാധകർക്ക് ആവേശകരമായ ആക്ടിവേഷനുകളും പ്രത്യേക ഫാൻ നിമിഷങ്ങളും അതുല്യമായ അനുഭവങ്ങളും ദുബൈയിൽ വാഗ്ദാനം ചെയ്യുന്നു.



ഈ ഒക്ടോബറിൽ ആരംഭിക്കുന്ന ഈ പങ്കാളിത്തം റയൽ മാഡ്രിഡിന്റെ ആദ്യ പുരുഷവനിതാ ഫുട്ബോൾ ടീമുകളെ ഉൾക്കൊള്ളുന്നു, ഒപ്പം ദുബായുടെ രുചി സാന്റിയാഗോ ബെർണബ്യൂവിൽ എത്തിക്കുകയും ആരാധകർക്ക് അവിസ്മരണീയമായ അനുഭവങ്ങളും ഉയർന്ന നിലവാരത്തിലുള്ള സേവനങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.ദുബായ് കോർപ്പറേഷൻ ഫോർ ടൂറിസം ആൻഡ് കൊമേഴ്സ് മാർക്കറ്റിംഗിന്റെ (ഡിസിടിസിഎം) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇസ്സാം കാസിമും റയൽ മാഡ്രിഡ് ക്ലബ് ഡി ഫുട്ബോൾ പ്രസിഡന്റ് ഫ്ലോറന്റിനോ പെരസും സിയുഡാഡ് റയൽ മാഡ്രിഡിലെ ഇതിഹാസമായ സലാ ഡി ജുണ്ടാസിൽ നടന്ന ഔദ്യോഗിക ചടങ്ങിൽ പങ്കാളിത്തം ഔപചാരികമായി പ്രഖ്യാപിച്ചു. ക്ലബ്ബിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോസ് ഏഞ്ചൽ സാഞ്ചസ്, റയൽ മാഡ്രിഡ് ഇതിഹാസവും ഇൻസ്റ്റിറ്റ്യൂഷണൽ റിലേഷൻസ് ഡയറക്ടറുമായ എമിലിയോ ബ്യൂട്രാഗ്യൂനോ എന്നിവർ സന്നിഹിതരായിരുന്നു.ക്ലബിന്റെ ആദ്യത്തെ ഔദ്യോഗിക ഡെസ്റ്റിനേഷൻ പാർട്ണർ എന്ന നിലയിൽ വിസിറ്റ് ദുബായുമായുള്ള ഈ പുതിയ പങ്കാളിത്തത്തിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്ന് റയൽ മാഡ്രിഡിന്റെ ഇൻസ്റ്റിറ്റ്യൂഷണൽ റിലേഷൻസ് ഡയറക്ടർ എമിലിയോ ബ്യൂട്രാഗ്യൂനോ അഭിപ്രായപ്പെട്ടു.

ദുബായ് അതിന്റെ എല്ലാ വിനോദ ഓഫറുകളിലും മികവിനായി പരിശ്രമിക്കുന്ന ഒരു ലക്ഷ്യസ്ഥാനമാണ്, ഇത് ക്ലബ്ബ് പങ്കിടുന്ന മൂല്യമാണ്. ലോകമെമ്പാടുമുള്ള ഞങ്ങളുടെ ദശലക്ഷക്കണക്കിന് മാഡ്രിഡിസ്റ്റുകളുടെ വിനോദസഞ്ചാര കേന്ദ്രമായി ദുബായിയെ കൊണ്ടുവരുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നും എമിലിയോ ബ്യൂട്രാഗ്യൂനോ അഭിപ്രായപ്പെട്ടു.റയൽ മാഡ്രിഡുമായി ഒരു ആഗോള പങ്കാളി എന്ന നിലയിൽ ഞങ്ങളുടെ യാത്ര ആരംഭിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്ന് ഡിസിടിസിഎം സിഇഒ ഇസാം കാസിം അഭിപ്രായപ്പെട്ടു. ദുബായും ലോകത്തിലെ ഏറ്റവും വലിയ ക്ലബ്ബും തമ്മിലുള്ള ഈ സഹകരണം ഒരു പങ്കാളിത്ത കാഴ്ചപ്പാടിലും മൂല്യങ്ങളിലും നിർമ്മിച്ചതാണ്, അവിടെ ഓരോ നേട്ടവും പുതിയ ഉയരങ്ങൾ പിന്തുടരാനുള്ള പ്രചോദനമായി വർത്തിക്കുന്നു. മികച്ച മൂന്ന് ആഗോള നഗരങ്ങളിൽ ദുബായിയുടെ സ്ഥാനം ഉറപ്പിക്കുക എന്ന ഞങ്ങളുടെ ലക്ഷ്യത്തോടെ, ഈ തന്ത്രപരമായ സഖ്യം ഒരു പ്രമുഖ ലക്ഷ്യസ്ഥാനത്തിന്റെയും ലോകത്തിലെ ഏറ്റവും പ്രശസ്തരായ ടീമിന്റെയും കരുത്ത് പ്രയോജനപ്പെടുത്തും, ദുബായിയെ ജീവിക്കാനും ജോലി ചെയ്യാനും സന്ദർശിക്കാനുമുള്ള ഏറ്റവും മികച്ച നഗരമായി ആഗോളതലത്തിൽ വീണ്ടും സ്ഥിരീകരിക്കുമെന്നും ഇസാം കാസിം അഭിപ്രായപ്പെട്ടു.

## വീറൂട്ട്സിന്റെ ഒപ്റ്റിമൽ ഹെൽത്ത് സെന്റർ, വീഹബ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** പ്രമുഖ ഹെൽത്ത് കെയർ ബ്രാൻഡായ വീറൂട്ട്സിന്റെ ഒപ്റ്റിമൽ ഹെൽത്ത് സെന്റർ, വീഹബ് കാക്കനാട് പ്രവർത്തനം തുടങ്ങി. കേന്ദ്രത്തിന്റെ ഉദ്ഘാടനം വീറൂട്ട്സ് വെൽനസ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ഡോ.സജീവ് നായർ നിർവഹിച്ചു.

ഡിഎൻഎ അടിസ്ഥാനമാക്കിയുള്ള ജീവിതശൈലി രോഗ മാനേജ്മെന്റ്, ശരീരഭാരം കുറയ്ക്കൽ, സംയോജിത ചികിത്സാ പരിഹാരങ്ങൾ, വേദന നിയന്ത്രിക്കൽ, ചികിത്സാ വ്യായാമങ്ങൾ, ജനിതക പരിശോധന, പോഷകാഹാര തെറാപ്പി തുടങ്ങിയ സേവനങ്ങളാണ് വീഹബ് വാഗ്ദാനം ചെയ്യുന്നത്.ശരീരഘടന, ബയോ മാർക്കറുകൾ വിലയിരുത്തൽ, നിലവിലെ ആരോഗ്യനില വിലയിരുത്തൽ, ജനിതക പരിശോധന എന്നിവ ഉൾപ്പെടെ വിവിധ ഘടകങ്ങൾ വിശകലനം ചെയ്ത ശേഷം വ്യക്തിഗത വെൽനസ് സേവനങ്ങൾ കേന്ദ്രം നൽകുമെന്ന് ഡോ. സജീവ് നായർ പറഞ്ഞു.

വീഹബ് ചീഫ് മെഡിക്കൽ ഓഫീസർ ഡോ. കെ എസ് ബിജു ചടങ്ങിൽ പങ്കെടുത്തു.

# നർത്തകി ആനന്ദ ശങ്കർ ജയന്തിന്റെ കേരള പര്യടനം പത്തിന് തുടങ്ങും



**കൊച്ചി:** വിഖ്യാത ഭരതനാട്യംകുച്ചിപ്പുടി നർത്തകി ആനന്ദ ശങ്കർ ജയന്തിന്റെ ഒരാഴ്ച നീണ്ടുനിൽക്കുന്ന കേരള പര്യടനത്തിന് ഒക്ടോബർ പത്തിന് കണ്ണൂർ ജില്ലയിലെ പിണറായിയിൽ തുടക്കമാകും. ശിവപുരാണത്തിൽ നിന്നുമുള്ള നന്ദികേശ്വരനും കടുവയും തമ്മിലുള്ള സംവാദം(എ ടെയിൽ ഓഫ് ബുൾ ആൻഡ് ടൈഗർ) ആണ് ആനന്ദ ശങ്കറും സംഘവും കേരളത്തിലെ ഏഴ് വേദികളിൽ അവതരിപ്പിക്കുന്നത്.എല്ലാ ദിവസവും ഒരോ സ്ഥലങ്ങളിൽ ഓരോ വേദികളിലാണ് സംഘം ഈ നൃത്ത ശിൽപം അവതരിപ്പിക്കുന്നത്.

പിണറായി കൂടാതെ, കോഴിക്കോട് വടകരയിലുള്ള ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്, കേരള കലാമണ്ഡലം, എറണാകുളം ജെടി പാക്ക്, മൂവാറ്റുപുഴ, കോവളം, തിരുവനന്തപുരത്തെ സൂര്യ ഫെസ്റ്റിവൽ എന്നിവിടങ്ങളിലാണ് ഒന്നേകാൽ മണിക്കൂർ ദൈർഘ്യമുള്ള ഈ കലാരൂപം അവതരിപ്പിക്കുന്നത്. സൂര്യകലോത്സവത്തിലൊഴികെ എല്ലാ വേദികളിലും വൈകീട്ട് ഏഴിനാണ് പരിപാടി. സൂര്യകലോത്സവത്തിൽ ആറേമുക്കാലിന് നൃത്തം ആരംഭിക്കും. ശിവൻ, പാർവതി, ഗണപതി, സുബ്രഹ്മണ്യൻ എന്നിവരുടെ കഥ പ്രതിപാദിച്ചുകൊണ്ട് ശിവവാഹനമായ നന്ദികേശ്വരനും പാർവതിയുടെ വാഹനമായ കടുവയും നടത്തുന്ന കഥകളാണ് ഇതിന്റെ ഇതിവൃത്തം. സംസ്കൃതത്തിലും തമിഴിലുമാണ് ഇതൊരുക്കിയിരിക്കുന്നത്. പത്തു നർത്തകർ



ചേർന്നാണ് അരങ്ങിൽ ഈ നൃത്തശിൽപം അവതരിപ്പിക്കുക.ഹൈദരാബാദ് സ്വദേശിയായ ആനന്ദ ശങ്കർ സംവിധാനം ചെയ്ത ഏറ്റവും പ്രശസ്തമായ നൃത്ത ശിൽപങ്ങളിലൊന്നാണിത്. 1979 ലാണ് അവർ ശങ്കരാനന്ദ കലാക്ഷേത്ര എന്ന സ്ഥാപനം ഹൈദരാബാദിൽ ആരംഭിച്ചത്. പത്മശ്രീ ജേതാവായ അവർക്ക് 2009 ൽ സംഗീതനാടക അക്കാദമി പുരസ്ക്കാരം ലഭിച്ചു. റെയിൽവേയിൽ ഐ ആർടിഎസ് ഉദ്യോഗസ്ഥയായി വിരമിച്ച ഡോ. ആനന്ദ ശങ്കർ ശാസ്ത്രീയ നൃത്തമേഖലയിൽ ഡിജിറ്റൽ സാങ്കേതികവിദ്യ സമന്വയിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു. ഭരതനാട്യം പരിശീലിക്കുന്നതിനു വേണ്ടി 2017 ൽ വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്പ് ലോകത്തെമ്പാടും നിരവധി പേരാണ് ഉപയോഗിക്കുന്നത്.

സതിരാജ് വേണുമാധവ്, ഐ വി രേണുകാപ്രസാദ് എന്നിവരാണ് നൃത്തശിൽപ്പത്തിന്റെ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത്. ഗാനാലാപനം ജയന്ത് ദ്വാരകാനാഥാണ്. ഗുൻജൻ അഷ്ടപുത്രെ ഡിജിറ്റൽ ഡിസൈൻ ചെയ്തിരിക്കുന്നു. ആനന്ദ ശങ്കറിനെ കൂടാതെ മിഥുൻ ശ്യാം, അദിതി റാവു, പൂജിത നമ്പൂരി, അർച്ചിത ഭട്ട്, ശ്രീവിദ്യ ശ്രീപതി, നേഹ സതാനപള്ളി, റിദിശ്രീ യാദവ് എന്നിവരാണ് മറ്റ് നർത്തകർ.കുട്ടികൾക്ക് ഭാരതീയ കഥകൾ കേൾക്കുന്നതിനും കാണുന്നതിനുമായി അടുത്തിടെ ഡോ. ആനന്ദ പുറത്തിറക്കിയ കുട്ടി കഹാനി ഏറെ പ്രശസ്തമാണ്. പ്രധാനമന്ത്രി തന്റെ മൻ കി ബാത്ത് റേഡിയോ പരിപാടിയിൽ ഇതെക്കുറിച്ച് പരാമർശിച്ചിരുന്നു. പ്രശസ്ത പ്രഭാഷണ വേദിയായ ടെഡ് ടോക്കിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ഡോ. ആനന്ദ സംസാരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോർപറേറ്റ് ഓഫീസുകൾ, നേതൃപാടവ പരിപാടികൾ തുടങ്ങിയവയിൽ പ്രഭാഷക കൂടിയാണവർ.

---

## 500 വിദ്യാർത്ഥികൾക്കു കൂടി വിദ്യാധനം ട്രസ്റ്റിന്റെ സ്കോളർഷിപ്പ്

**കൊച്ചി:** എറണാകുളം ജില്ലയിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ 9 വർഷമായി പഠനസഹായങ്ങൾ നൽകിവരുന്ന പ്രൊഫ കെ വി തോമസ് വിദ്യാധനം ട്രസ്റ്റ് ദുബായിലെ പാന്തിയൺ റിയൽ എസ്റ്റേറ്റ് സ്ഥാപകൻ കൽപ്പേഷ് കിനരിവാലയുമായി സഹകരിച്ച് 500 വിദ്യാർത്ഥികൾക്കു കൂടി സ്കോളർഷിപ്പുകൾ നൽകും.

ട്രസ്റ്റ് നൽകി വരുന്ന മൂന്നാം ഘട്ടത്തിൽപ്പെട്ട ഈ സ്കോളർഷിപ്പുകളുടെ വിതരണം ഇന്ന് രാവിലെ 11ന് നകുന്നുകരയിൽ നടക്കും. ട്രസ്റ്റി കൂടിയായ പ്രൊഫ കെ വി തോമസ്, വ്യവസായമന്ത്രി പി രാജീവ്, കൽപ്പേഷ് കിനരിവാല പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള തുടങ്ങിയവർ പങ്കെടുക്കും.2023 സെപ്തംബർ 9നാണ് പുതിയ സ്കീമിന് തുടക്കമിട്ടതെന്ന് പ്രൊഫ. കെ വി തോമസ് പറഞ്ഞു. മൂന്നുഘട്ടങ്ങളിലായാണ് 3000 വിദ്യാർത്ഥികൾക്ക് ഈ സ്കീമിൽ സ്കോളർഷിപ്പുകൾ നൽകുക. എറണാകുളം ലോക്സഭാ മണ്ഡലത്തിൽപ്പെട്ട സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് എല്ലാ വിഷയങ്ങളിലും എ+ നേടുന്ന 10, 12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്.

വിദ്യാർത്ഥികളാണ് നാളെയുടെ ശിൽപ്പികൾ എന്നതു കണക്കിലെടുത്താണ് പാന്തിയണിന്റെ ഈ സിഎസ്ആർ പദ്ധതിയെന്ന് കൽപ്പേഷ് കിനരിവാല പറഞ്ഞു.

## 88% വളർച്ച നേടി ഓഡി ഇന്ത്യ

**കൊച്ചി:** ജർമ്മൻ ആഢംബര കാർ നിർമ്മാതാക്കളായ ഓഡി ഈ വർഷത്തെ ആദ്യ 9 മാസങ്ങളിൽ 5530 യൂണിറ്റുകൾ വിതരണം ചെയ്ത് 88% വളർച്ച നേടിയെടുത്തതായി പ്രഖ്യാപിച്ചു. പുതിയ ഓഡി ക്യു 8 ഇട്രോൺ, ഓഡി ക്യു 8 സ്പോർട്ട് ബാക്ക് ഇട്രോൺ, ഓഡി ക്യു 3, ഓഡി ക്യു 3 സ്പോർട്ട് ബാക്ക് എന്നിവയുടെ പുറത്തിറക്കലിനോടൊപ്പം തന്നെ ഓഡി എ 4, ഓഡി എ 6, ഓദി ക്യു 5, മുൻനിര കാറുകളായ ഓഡി ക്യു 7, ഓഡി ആർ എസ് ക്യു 8, ഓഡി ഇട്രോൺ ജി ടി, ഓഡി ആർ എസ് ഇട്രോൺ ജി ടി എന്നിവയ്ക്കും മികച്ച ആവശ്യം ഉണ്ടായതോടെയാണ് ഈ നല്ല വളർച്ച സാധ്യമായത്. എസ് യു വി നിരകൾക്ക് അൽഭുതകരമാംവിധം 187% വളർച്ചയാണ് നേടിയെടുക്കാൻ കഴിഞ്ഞത്.

അതേസമയം പെർഫോമൻസ്, ലൈഫ് സ്റ്റൈൽ കാറുകളായ ഇട്രോൺ നിരകളും 42%




കണ്ട് ഇതേ കാലയളവിൽ വളർച്ച നേടി. ഓഡി അപ്രൂവ്ഡ്:പ്ലസ്സും 2023 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 63% വളർച്ച നേടി. രാജ്യത്തെ പ്രധാനപ്പെട്ട മേഖലയിലെല്ലാമായി നിലവിൽ 25 ഓഡി അപ്രൂവ്ഡ്:പ്ലസ് കേന്ദ്രങ്ങളുണ്ട്.88% വളർച്ച നേടിക്കൊണ്ട് ഓഡി ഇന്ത്യ 5530 യൂണിറ്റുകൾ വിറ്റഴിച്ചതായി ഓഡി ഇന്ത്യയുടെ തലവനായ ബൽബീർ സിങ്ങ് ധില്ലൺ പറഞ്ഞു.ഞങ്ങളുടെ എസ് യു വികൾ 187% വളർച്ച നേടി. വരാനിരിക്കുന്ന ഉത്സവ സീസണിൽ ഈ വളർച്ച തുടരുക തന്നെ ചെയ്യുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

കാരണം ഓഡി എ 4, ഓഡി എ 6, ഓഡി ക്യു 3, ഓഡി ക്യു 3 സ്പോർട്ട് ബാക്ക്, ഓഡി ക്യു 5, ഓഡി ക്യു 7, ഓഡി ക്യു 8 എന്നിവയടക്കമുള്ള ഞങ്ങളുടെ മികച്ച വിൽപ്പനയുള്ള മോഡലുകൾക്കെല്ലാം ഇപ്പോൾ നല്ല ആവശ്യക്കാരുണ്ട്. ഈ അടുത്ത കാലത്ത് പുറത്തിറക്കിയ ആകർഷകമായ 114 കെ ഡബ്ലിയു എച്ച് ബാറ്ററിയോടു( ഈ വ്യവസായ മേഖലയിലെ മികച്ചത്) കൂടിയ ഓഡി ക്യു 8 ഇട്രോൺ, ഓഡി ക്യു 8 സ്പോർട്ട്ബാക്ക് ഇട്രോൺ എന്നിവ കൂടി വന്നെത്തിയതോടെ ഈ സെഗ്മെന്റിൽ ഏറ്റവും വിശാലമായ ഇ വി നിരയാണ് ഞങ്ങൾക്ക് ഇപ്പോഴുള്ളത്. ഞങ്ങളുടെ ഇലക്ട്രിക് നിരകൾക്ക് ഈ ഉത്സവ സീസണിലും നല്ല ആവശ്യം ഉണ്ടാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ഇ വി സൂപ്പർ കാറുകളായ ഓഡി ഇട്രോൺ ജി ടി, ഓഡി ആർ എസ് ഇട്രോൺ ജി ടി എന്നിവ ഇതിൽ ഉൾപ്പെടുന്നുവെന്നും ബൽബീർ സിങ്ങ് ധില്ലൺ പറഞ്ഞു.

# കെ.ഐ.ഇ.ഡി സമഗ്രപരിശീലന പരിപാടി സംസ്ഥാനതല ഉദ്ഘാടനം പത്തിന്

**കൊച്ചി:** സംസ്ഥാന വ്യവസായവകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഒൺട്രപ്രണർഷിപ്പ് ഡെവലപ്മൻറ്(കെഐഇഡി) നടത്തുന്ന സമഗ്ര സംരംഭകത്വ പരിശീലന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ പത്തിന് കളമശ്ശേരിയിൽ നടക്കും. വ്യവസായമന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർ മുതൽ നിലവിൽ സംരംഭങ്ങൾ നടത്തുന്നവർക്ക് വരെ പങ്കെടുക്കാം.കളമശേരി നഗരസഭാധ്യക്ഷ സീമാ കണ്ണൻ ആധ്യക്ഷം വഹിക്കും.കെഐഇഡിന്റെ വിവിധ പരിപാടികളിൽ പങ്കെടുത്ത സംരംഭകരുടെ ഉത്പന്ന പ്രദർശനം, സുസ്ഥിര സംരംഭകത്വം, എംഎസ്എംഇ സംരംഭകർക്കുള്ള ഡിജിറ്റലൈസേഷൻ, ജെം, ഒഎൻഡിസി തുടങ്ങിയ വിഷയങ്ങളിൽ ഉപദേഷ്ടാക്കളും, വിദഗ്ധരുമായും സംവദിക്കാനുള്ള അവസരവും പരിപാടിയോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്.നാല് പരിശീലന പരിപാടികളാണ് കെഐഇഡി പുതുതായി ആരംഭിക്കുന്നത്. വളർന്നു വരുന്ന സംരംഭകർക്കായി പ്രത്യേകം തയ്യാറാക്കിയ അഞ്ച് ദിവസം നീളുന്ന ലോഞ്ച് പാഡ് പരിപാടിയിൽ സംരംഭം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാനുള്ള വിദഗ്ധോപദേശം, പരിശീലനകളരികൾ, വിജ്ഞാനയാത്രകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. സംരംഭം തുടങ്ങുന്നതിനുള്ള സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും ഈ പരിപാടിയിലൂടെ അവബോധം നൽകുന്നു.നിലവിൽ സംരംഭം നടത്തുന്നവർക്കായുള്ള അഞ്ച് ദിവസത്തെ പരിശീലന പരിപാടിയാണ് ഗ്രോത്ത് പ്ലസ്. സ്വന്തം സംരംഭത്തിൻറെ ഇനിയും ഉപയോഗിക്കാത്ത സാധ്യതകളെ കണ്ടെത്തുക, വിദഗ്ധരുടെ ഉപദേശത്തോടെ വ്യക്തിഗതമായ മാർഗനിർദ്ദേശം നൽകുക, പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്നിവയാണ് ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

അത്യാധുനിക സാങ്കേതികവിദ്യയുമായി സ്വന്തം ബിസിനസ് സമന്വയിപ്പിക്കാനാഗ്രഹിക്കുന്നവർക്ക് അനുയോജ്യമാണ് ടെക് ഹൊറൈസൺസ് എന്ന ത്രിദിന പരിപാടി.

പുത്തൻ സാങ്കേതികവിദ്യകളെ പരിചയപ്പെടുത്തുന്നതിനോടൊപ്പം അവ സ്വന്തം സ്ഥാപനത്തിൽ ഏർപ്പെടുത്തുന്നതിനുള്ള സഹകരണവും ഇതിലൂടെ നൽകുന്നു.

വിപണി സാന്നിദ്ധ്യം വർധിപ്പിക്കാനും മികച്ച പരസ്യതന്ത്രങ്ങൾ അവലംബിക്കാനും സംരംഭകരെ പ്രാപ്തരാക്കുന്ന ത്രിദിന പരിശീലനപരിപാടിയാണ് മാർക്കറ്റ് മിസ്ട്രി. ഉപഭോക്തൃ സേവനം, ആശയവിനിമയ പ്രാവീണ്യം എന്നിവ ഇതിൽ ഉൾപ്പെടുന്നു.




## സൺഫീസ്റ്റ് മാരിലൈറ്റ് ന്റെ പുതിയ ബ്രാൻഡ് അംബാസഡറായി ജ്യോതിക

**കൊച്ചി:** ഐടിസി സൺഫീസ്റ്റ് മാരിലൈറ്റിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി ജ്യോതികയെ പ്രഖ്യാപിച്ചു. മെച്ചപ്പെട്ട രുചിയും പുതുക്കിയ പാക്കേജിംഗുമായി സൺഫീസ്റ്റ് മാരിലൈറ്റിന്റെ പുതിയ ബിസ്ക്കറ്റ് വിപണിയിലെത്തി. ഇതിന്റെ ഭാഗമായി സൺഫീസ്റ്റ് പുതിയ കാമ്പയിൻ പുറത്തിറക്കി.

സൺഫീസ്റ്റ് മാരിലൈറ്റ്  ന്റെ പുതിയ  ബ്രാൻഡ് അംബാസഡറായി ജ്യോതികയെ അവതരിപ്പിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്നു  ഐടിസി ഫുഡ്സ് ഡിവിഷനിലെ ബിസ്ക്കറ്റ് ആൻഡ് കേക്ക്സ് ക്ലസ്റ്റർ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അലി ഹാരിസ് ഷെർ പറഞ്ഞു




## ടൂൺസുത്ര ആൻഡ്രോയിഡിൽ

**കൊച്ചി:** ആൻഡ്രോയിഡ്, ഐഒഎസ് ഉപയോക്താക്കൾ ക്ക് ആക്സസ് ചെയ്യാനും ആ സ്വദിക്കാനും കഴിയുന്ന രാജ്യത്തെ ഏറ്റവും വലിയ വെബൺ ആപ്പ് ടൂൺസൂത്ര പുറത്തിറക്കി. 2030ഓടെ ആഗോളതലത്തിൽ 60 ബില്യൺ യുഎസ് ഡോളറായി വളരുമെന്ന് പ്രവ ചിക്കപ്പെടുന്നതാണ് വെബ്ടൂൺ പ്ലാറ്റ്ഫോമുകളെന്ന് കമ്പനി അവകാശപ്പെട്ടു. രാജ്യ ത്തെ പ്രമുഖ ഒറിജിനൽ ക്യാരക്ടർ എന്റർടൈൻമെന്റ് കമ്പനിയായ ഗ്രാഫിക് ഇന്ത്യയിൽ നിന്ന് കഴിഞ്ഞ വർഷം ഡിജിറ്റൽ മീഡിയ സ്റ്റാർട്ടപ്പ് ആരംഭിച്ചാണ് ടൂൺസൂത്ര രൂപീകൃത മായത്. സോണി ഇന്നൊവേഷൻ ഫണ്ടിന്റെ നിക്ഷേപവുമുണ്ട്.

## ന്യൂനപക്ഷ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

**തിരുവനന്തപുരം:**സംസ്ഥാന  ന്യൂനപക്ഷ കമ്മീഷനിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് കം ഡ്രൈവർ തസ്തികകളിൽ നിയമനം നടത്തും. സംസ്ഥാന സർക്കാർ സർവീസിൽ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് നിരാക്ഷേപ സാക്ഷ്യപത്രവും കെ.എസ്.ആർ പാർട്ട് ഒന്ന് റൂൾ 144 പ്രകാരമുള്ള പ്രൊഫോർമ വിശദാംശങ്ങളും സഹിതം വകുപ്പ് മേധാവി മുഖേന അപേക്ഷിക്കാം.അപേക്ഷകൾ നവംബർ നാലിനു വൈകിട്ട് അഞ്ചിനു മുമ്പ് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, ആഞ്ജനേയ, ടി.സി. 9/1023 (2), ശാസ്തമംഗലം, തിരുവനന്തപുരം  695 010 എന്ന വിലാസത്തിൽ ലഭിക്കണം.




## വേദിക ഹിമാലയൻ സ്പാർക്ലിംഗ് വാട്ടറുമായി ബിസ്ലേരി

**കൊച്ചി:** പ്രകൃതിദത്തമായ ഹിമാലയൻ സ്പാർക്ലിംഗ് വാട്ടറുമായി മുൻനിര പാക്കേജ്ഡ് കുടിവെള്ള ബ്രാന്റായ ബിസ്ലേരി. ബിസ്ലേരിയുടെ പുതിയ ഉൽപ്പന്നമായ വേദിക ഹിമാലയൻ സ്പാർക്ലിംഗ് വാട്ടറാണ് ധാതുസമ്പുഷ്ടവും നവോന്മേഷകരവുമായ രുചിഭേദം അവതരിപ്പിച്ചിട്ടുള്ളതെന്നും 175 രൂപക്കാണ് വേദിക വിപണിയിലേക്കെത്തുന്നതെന്നും ബിസ്ലേരി ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് വൈസ് ചെയർപേഴ്സൺ ജയന്തി ഖാൻ ചൗഹാൻ പറഞ്ഞു.

പ്രകൃതിദത്തമായി തന്നെ സോഡക്ക് സമാനമായി കുമിളകളും രുചിയും ഉള്ള കുടിവെള്ളമാണ് സ്പാർക്ലിംഗ് വാട്ടർ. മഞ്ഞു മൂടിയ ഹിമാലയൻ മലനിരകളിലെ അരുവികളിൽ നിന്നുള്ള കാർബണേറ്റഡ് മിനറൽ വാട്ടർ പൂർണമായും ഗുണനിലവാരം ഉറപ്പു വരുത്തിയാണ് ബിസ്ലേരി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നത്. പ്രീമിയം നിലവാരത്തിലുള്ള ചില്ലുകുപ്പികളാണ് വേദികക്ക് വേണ്ടി രൂപകൽപ്പന ചെയ്തത്. 300 മില്ലി ലിറ്റർ കുപ്പിക്ക് 175 രൂപയാണ് വില. പ്രധാനപ്പെട്ട ഹോട്ടൽ, റെസ്റ്റോറന്റ്, കഫേകൾ എന്നിവിടങ്ങളിലും പൊതു വിപണിയിലും ഓൺലൈനായും ബിസ്ലേരി @ഡോർസ്റ്റെപ് ആപ്ലിക്കേഷൻ വഴിയും വാങ്ങാൻ കഴിയും.വേദിക ഹിമാലയൻ സ്പാർക്ലിംഗ് വാട്ടറിലൂടെ കുടിവെള്ള വിപണിയിലേക്ക് നൂതനവും സങ്കീർണവും ഉന്മേഷദായകവുമായ രുചിഭേദമാണ് തങ്ങൾ അവതരിപ്പിക്കുന്നതെന്നി ജയന്തി ഖാൻ ചൗഹാൻ പറഞ്ഞു. ഈ ഫെസ്റ്റിവൽ സീസൺ മുതൽ ഉപഭോക്താക്കളുടെ കൈയിൽ എത്തിച്ചേരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




## സാംസങ് ഗാലക്സി എസ്23 എഫ്ഇ അവതരിപ്പിച്ചു

**തിരുവനന്തപുരം :** സാംസങ് പുതിയ ഗാലക്സി എസ്23 എഫ്ഇ പുറത്തിറക്കി. പ്രീമിയം ഫീച്ചറുകൾ, മികച്ച ഡിസൈൻ, സുഗമമായ ഗെയിമിംഗ് പ്രകടനം എന്നിവയുള്ള ഗാലക്സി എസ്23 എഫ്ഇ  49,999 രൂപ മുതൽ ലഭ്യമാണ്. 8 ജിബി റാമിനൊപ്പം 128, 256 ജിബി സ്റ്റോറേജ് ഓപ്ഷനുകൾക്കൊപ്പമെത്തുന്ന സ്മാർട്ട്ഫോൺ മിന്റ്, പർപ്പിൾ, ഗ്രാഫൈറ്റ് നിറങ്ങളിൽ ലഭിക്കും.6.4ഇഞ്ച് അമോലെഡ് 2എക്സ് ഡിസ്പ്ലേ, വിഷൻ ബൂസ്റ്റർ ടെക്നോളജി, 50 എംപി പ്രോഗ്രേഡ് ക്യാമറ, നൈറ്റോഗ്രാഫി ഫീച്ചർ, ഡിജിറ്റൽ ഇമേജ് സ്റ്റെബിലൈസേഷൻ, ഒപ്റ്റിക്കൽ ഇമേജ് സ്റ്റെബിലൈസർ, ക്യാമറ അസിസ്റ്റന്റ് ആപ്പ്, 4എൻഎം ചിപ്സെറ്റ്, 4500 എംഎച്ച് ബാറ്ററി, ഗൊറില്ല ഗ്ലാസ് 5, ഡിഫൻസ് ഗ്രേഡ് നോക്സ് സെക്യൂരിറ്റി എന്നിവയാണ് ഗാലക്സി എസ്23 എഫ്ഇയുടെ മറ്റ് പ്രത്യേകതകളെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## മാർത്തോമാ കൺവെൻഷൻ ആരംഭിച്ചു

**കൊച്ചി:** മാർത്തോമാ സഭയുടെ എറണാകുളം സെന്ററിലെ ഇടവകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന മാർത്തോമാ കൺവെൻഷൻ എളംകുളം യെരുശലേം മാർത്തോമാ പള്ളിയിൽ യാക്കോബായ സഭ അങ്കമാലി ഭദ്രാസന അധ്യക്ഷൻ ഏലിയാസ് മോർ ജൂലിയസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ബോബി ഫിലിപ്പ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജോസ് പി മാത്യു,കെ.ജി ജോസഫ്, വൈസ് പ്രസിഡന്റ് അജു എബ്രഹാം, പബ്ലിസിറ്റി ചെയർമാൻ ഡോ. വർഗീസ് കെ എബ്രഹാം, മാത്യു മണ്ണിൽ എന്നിവർ പ്രസംഗിച്ചു. സമാപന ദിവസമായ നാളെ പാലാരിവട്ടം ഷാരോൺ മാർത്തോമാ പള്ളിയിൽ നടക്കുന്ന വിശുദ്ധ കുർബാനയ്ക്കും സമാപന സമാപന സമ്മേളനത്തിനും കോട്ടയം കൊച്ചി ഭദ്രാസന അധ്യക്ഷൻ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ നേതൃത്വം നൽകും.

# 2025 ഓടെ 2000 റേഷൻ കടകൾ കെസ്റ്റോറുകളാക്കും: മന്ത്രി




**നെടുമങ്ങാട്:** 2025ഓടെ സംസ്ഥാനത്തെ 2000 റേഷൻ ഷോപ്പുകൾ കെസ്റ്റോറുകളാക്കി മാറ്റുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി ജി.ആർ.അനിൽ. നെടുമങ്ങാട് താലൂക്കിലെ കല്ലാറിൽ പ്രവർത്തിക്കുന്ന 250ാം നമ്പർ റേഷൻകട കെസ്റ്റോർ ആയി ഉയർത്തി പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി. മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കി കേരളത്തിലെ പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് കെ സ്റ്റോറുകൾ. നവ കേരളത്തിന്റെ നവീന റേഷൻഷോപ്പുകളാണ് കെ സ്റ്റോറുകൾ. പഴയ റേഷൻകടകളുടെ ഭൗതിക സാഹചര്യങ്ങളുയർത്തി മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കി റേഷൻ കടകളെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റിയത് ഈ സർക്കാർ ചെയ്ത പ്രധാന കാര്യങ്ങളിലൊന്നാണ്.

ശബരി ഉൽപ്പന്നങ്ങൾ, മിൽമ ഉൽപ്പന്നങ്ങൾ, യൂട്ടിലിറ്റി പെയ്മെന്റ്സ്, ഛോട്ടുഗ്യാസ്, 10,000 രൂപ വരെയുള്ള ബാങ്കിംഗ് സേവനങ്ങൾ എന്നിവ കെ സ്റ്റോറുകളിലൂടെ ലഭ്യമാകും. കൂടാതെ വ്യവസായ വകുപ്പിന്റെ 96 എം.എസ്.എം.ഇ ഉത്പ്പന്നങ്ങൾ, കൃഷി വകുപ്പിന്റെ വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങൾ, കുടുംബശ്രീ ഉൽപ്പന്നങ്ങൾ എന്നിവയും കെ സ്റ്റോറുകളിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

കേന്ദ്രസർക്കാർ പൊതുവിതരണ രംഗത്ത് കേരളത്തിന് അർഹമായ പരിഗണന നൽകുന്നില്ല. കൂടുതൽ അരിവിഹിതം കേരളം ആവശ്യപ്പെട്ടിട്ടും കേന്ദ്രം നൽകുന്നില്ല. ചില മാസങ്ങളിൽ റേഷൻകടകളിൽ ബാക്കിയുള്ള അരി അധികമായി തുടർമാസങ്ങളിൽ വിതരണം ചെയ്യാൻ അനുവാദം ചോദിച്ചിട്ടും കേന്ദ്രം നൽകുന്നില്ല. മുൻഗണനേതര കാർഡുകാർക്ക് നൽകിവന്നിരുന്ന ഗോതമ്പ് വിഹിതവും ഒരു വർഷമായി കേന്ദ്രം നൽകുന്നില്ല. പ്രളയസമയത്ത് കേന്ദ്രസർക്കാർ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾക്കുപോലും സംസ്ഥാനസർക്കാരിൽ നിന്ന് പൈസ ഈടാക്കി. കാലങ്ങളായി ഭക്ഷ്യ മേഖലയിൽ പരിഹരിക്കാതെ കിടന്ന നിരവധി പ്രശ്നങ്ങൾക്ക് എൽ.ഡി.എഫ് സർക്കാർ പരിഹാരം കണ്ടു. ഇപോസ് മെഷീനും ത്രാസുമായി ബന്ധിപ്പിക്കുന്ന പദ്ധതി വേഗത്തിൽ നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജി സ്റ്റീഫൻ എം.എൽ.എയുടെ അധ്യക്ഷതയിൽ ചടന്ന ചടങ്ങിൽ വിതുര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മഞ്ജുഷ. ജി ആനന്ദ് ആദ്യ വിൽപ്പന നിർവഹിച്ചു. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ, ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.



# ആദ്യ കപ്പലിനെ വരവേൽക്കാൻ വിഴിഞ്ഞം രാജ്യാന്തര തുറമുഖം സജ്ജം

**വിഴിഞ്ഞം:** രാജ്യാന്തര തുറമുഖത്ത് ആദ്യ കപ്പൽ അടുക്കാൻ ദിവസങ്ങൾ മാത്രം ശേഷിക്കെ ബെർത്ത്, യാഡ് സജ്ജമാക്കൽ അവസാനഘട്ടത്തിൽ. ഒരുക്കങ്ങൾ വിലയിരുത്താൻ തുറമുഖ പ്രിൻസിപ്പൽ സെക്രട്ടറി അടക്കമുള്ള ഉന്നതതല സംഘം എത്തി. വിഴിഞ്ഞത്തേക്കുള്ള ക്രെയിനുകളുമായി ഷെൻഹുവ 15 എന്ന കപ്പൽ മുന്ദ്രയിൽ നിന്ന് വിഴിഞ്ഞത്തേക്ക് യാത്ര തിരിച്ചതോടെ അവസാനവട്ട മിനുക്കുപണികൾക്ക് വേഗമേറി. 15നു നടക്കുന്ന ഉദ്ഘാടന ചടങ്ങിന് രണ്ടു നാൾ മുൻപേ കപ്പൽ വിഴിഞ്ഞത്ത് എത്തുമെന്നാണ് വിവരം. കപ്പൽ അടുപ്പിക്കുന്നതിനായി 270 മീറ്റർ ബെർത്താണ് ആദ്യ ഘട്ടത്തിൽ സജ്ജമാക്കുന്നത്.

ബെർത്തിന്റെ കടലിന് അഭിമുഖമായ ഭാഗത്ത് ഫെന്റേഴ്സ് സ്ഥാപിച്ചു. കപ്പൽ വന്നിടിച്ചു കേടുപാടു പറ്റാതിരിക്കുന്നതിനാണിത്. ബൊള്ളാർഡുകളും ക്രെയിനുകൾ നിർത്താനുള്ള റെയിലുകളും സ്ഥാപിച്ചു വരികയാണ്. തുറമുഖത്തേക്കുള്ള റോഡിന്റെ നിർമാണവും പുരോഗമിക്കുന്നു. ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി തുറമുഖ പ്രിൻസിപ്പൽ സെക്രട്ടറി കെ.എസ്. ശ്രീനിവാസ്, വിഴിഞ്ഞം രാജ്യാന്തര തുറമുഖ കമ്പനിസിഇഒ ഡോ.ജയകുമാർ എന്നിവരുൾപ്പെട്ട സംഘം എത്തി. അദാനി പോർട്സ് സിഇഒ രാജേഷ് ഝായുമായി സംഘം ചർച്ചനടത്തി. നാലായിരത്തോളം പേരെ ഉൾക്കൊള്ളുന്ന കൂറ്റൻ പന്തലുൾപ്പെടെയാണ് ഒരുങ്ങുന്നത്.

# കേരളത്തിന്റെ ആദ്യത്തെ അന്താരാഷ്ട്ര കലിഗ്രഫി ഫെസ്റ്റിന് കൊച്ചിയിൽ സമാപനം

**കൊച്ചി:** അക്ഷരങ്ങളിൽ ചായങ്ങൾ ചാലിച്ച് മനോഹരങ്ങളായ ചിത്രങ്ങളാക്കി കാഴ്ചക്കാർക്ക് പുതു അനുഭവങ്ങൾ പകർന്ന് കേരള അന്താരാഷ്ട്ര കലിഗ്രഫി ഫെസ്റ്റിവെലിന് ദർബാർ ഹാൾ മൈതാനത്തിൽ സമാപനം. നാല് ദിവസം നീണ്ടുനിന്ന ഫെസ്റ്റിവെലിനാണ് കലിഗ്രഫിയിൽ വിസ്മയം തീർത്ത വിവിധ കലാകാരന്മാരുടെ ലൈവ് കലിഗ്രഫി രചനയോടെ സമാപനമായത്.

പ്രശസ്ത കലിഗ്രഫർമാരായ നാരായണ ഭട്ടതിരി, അച്യുത് പൽവ്, ജി വി ശ്രീകുമാർ, പരമേശ്വർ രാജു, ഡി ഉദയകുമാർ എന്നിവർ കടചതപ എന്ന് അഞ്ച് ഭാഷകളിൽ ലൈവ് കലിഗ്രഫി തീർക്കുകയായിരുന്നു.

കേരളത്തിൽ കലിഗ്രഫിക്ക് അത്രയൊന്നും പ്രചാരമില്ലാതിരുന്നിട്ടും വൻ സ്വീകാര്യതയാണ് ലഭിച്ചത്. ആദ്യമായി സംഘടിപ്പിച്ച അന്താരാഷ്ട്ര കലിഗ്രഫി ഫെസ്റ്റിവൽ വരും വർഷങ്ങളിൽ തുടരുമെന്ന് പരിപാടിയുടെ മുഖ്യ സംഘാടകനും കലിഗ്രാഫറുമായ നാരായണ ഭട്ടതിരി പറഞ്ഞു. കൊച്ചിയിൽ മാത്രമല്ല കേരളത്തിലെ എല്ലാ പ്രമുഖ നഗരങ്ങളിലും പരിപാടി സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരള ലളിതകല അക്കാദമി എക്സിക്യൂട്ടീവ് മെമ്പർ ലേഖ നാരായണൻ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് അസിസ്റ്റന്റ് എഡിറ്റർ സി ടി ജോൺ, കലിഗ്രഫറായ ജി വി ശ്രീകുമാർ, എസ് എച്ച് കോളേജ് ഡിസൈൻ വകുപ്പ് മേധാവി അനു ചെറിയാൻ എന്നിവർ സംസാരിച്ചു. പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള ലളിതകലാ അക്കാദമി, ഫൗണ്ടേഷൻ എന്നിവരുടെ സംയുക്ത സഹകരണത്തോടെയാണ് ഫെസ്റ്റിവൽ സംഘടിപ്പിച്ചത്.

വിദേശത്തു നിന്നുള്ള കലിഗ്രഫി കലാകാരന്മാരും ചിത്രകലാ വിദ്യാർഥികളും ഉൾപ്പെടെ നൂറിലേറെ പ്രതിനിധികളും പങ്കെടുത്തു. സംവാദം, ചർച്ച, മുഖാമുഖം, കലാപരിപാടികൾ തുടങ്ങിയ വിവിധ പരിപാടികളും ഫെസ്റ്റിവലിന്റെ ഭാഗമായി സംഘടിപ്പിച്ചു.

# സംസ്ഥാനത്ത് ഒൻപത് മലിനജല ശുചീകരണ പ്ലാന്റുകൾ ഉദ്ഘാടനം ചെയ്യും: മന്ത്രി എം ബി രാജേഷ്

**കോഴിക്കോട്:** അടുത്ത മൂന്നു മാസത്തിനുള്ളിൽ സംസ്ഥാനത്ത് ഒൻപത് മലിന ജല ശുചീകരണ പ്ലാന്റുകൾ ഉദ്ഘാടനം ചെയ്യുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിക്ക് സമീപത്തായി കോർപ്പറേഷൻ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച മലിന ജല സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി .

സംസ്ഥാനത്ത് തന്നെ ആദ്യമായി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം മലിന ജല സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചത് വഴി മാലിന്യ മുക്ത നവ കേരളത്തിലേക്കുള്ള പ്രധാന ചുവടുവെപ്പാണ് നടത്തിയിരിക്കുന്നത്.

മാലിന്യ സംസ്കരണ ശീലങ്ങൾ വളർത്താനായി നിയമഭേദഗതി കൊണ്ടുവരുമെന്നും പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ചെയ്ത് മാലിന്യ സംസ്കരണ പ്ലാന്റ് നിയമം കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു. അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യുന്നവരുടെ കൈ പൊള്ളുമെന്നും നിയമം കർശനമാക്കുമെന്നും മാലിന്യ മുക്ത പ്രതിജ്ഞയുടെ ഗൗരവം എല്ലാവരും ഉൾകൊള്ളണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ കോർപ്പറേഷൻ മേയർ ഡോ. എം ബീന ഫിലിപ്പ് അധ്യക്ഷത വഹിച്ചു. പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്, തുറമുഖ പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ , എളമരം കരീം എംപി, തോട്ടത്തിൽ രവീന്ദ്രൻ എം എൽ എ എന്നിവർ മുഖ്യാതിഥികളായിരുന്നു.

കോർപ്പറേഷൻ സെക്രട്ടറി കെ യു ബിനി റിപ്പോർട്ട് അവതരിപ്പിച്ചു. അമൃത് മിഷൻ ഡയരക്ടർ അലക്സ് വർഗീസ്, കോർപ്പറേഷൻ ആരോഗ്യകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ഡോ. എസ് ജയശ്രീ , വാർഡ് കൗൺസിലർ കെ മോഹനൻ , മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എൻ അശോകൻ , വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ സംസാരിച്ചു. ഡെപ്യൂട്ടി മേയർ സി പി മുസാഫർ അഹമ്മദ് സ്വാഗതവും മെഡിക്കൽ കോളേജ് സുപ്രണ്ട് ഡോ. ശ്രീ ജയൻ നന്ദിയും പറഞ്ഞു.

# 17 കോടിയുടെ റെക്കോർഡ് വിൽപ്പനയുമായി കാഷ്യു കോർപ്പറേഷൻ



**കൊല്ലം:** ഓണക്കാലത്ത് 17 കോടി രൂപയുടെ റെക്കോർഡ് വില്പനയാണ് കാഷ്യു കോർപ്പറേഷൻ നടത്തിയത്. 5.75 കോടി രൂപയുടെ മൂല്യവർധിത ഉത്പന്നങ്ങളുടെ വില്പന ഫ്രാഞ്ചൈസി ഫാക്ടറി ഔട്ട്ലെറ്റുകൾ വഴിയാണ് നടത്തിയത് .

ഓണത്തോടനുബന്ധിച്ച് കശുവണ്ടി പരിപ്പും മൂല്യവർധിത ഉത്പന്നങ്ങളും വാങ്ങിയ ഉപഭോക്താക്കൾക്ക് നൽകിയ കൂപ്പൺ നറുക്കെടുപ്പിൽ കെ എം എം എൽ എംപ്ലോയീസ് കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും കശുവണ്ടി പരിപ്പ് വാങ്ങിയ ഉപഭോക്താവ് ഒന്നാം സമ്മാനം കരസ്ഥമാക്കി. രണ്ടാം സമ്മാനം തലശ്ശേരി ഫാക്ടറി ഔട്ട്ലെറ്റിൽ നിന്നും പരിപ്പ് വാങ്ങിയ ഉപഭോക്താവും മൂന്നാം സമ്മാനം ചാത്തന്നൂരിലെ ഡിസ്ട്രിബ്യൂട്ടറിൽ നിന്ന് കശുവണ്ടി പരിപ്പ് വാങ്ങിയ ഉപഭോക്താവിനും ലഭിച്ചു.

കാഷ്യൂ കോർപ്പറേഷന്റെ ഉത്പന്നങ്ങൾ ഔട്ട്ലെറ്റുകൾ വഴി എല്ലാ ദിവസവും ലഭ്യമാണ്. കൂടാതെ ഉത്സവ സീസണുകളിൽ എല്ലാ ഉത്പന്നങ്ങളും പ്രത്യേക ഡിസ്കൗണ്ട് വച്ച് വില്ക്കാനും പദ്ധതിയുണ്ട്.

കാഷ്യു കോർപ്പറേഷന്റെ ഫാക്ടറി ഔട്ട്ലെറ്റുകളിൽ നടന്ന വില്പനയിൽ ഇൻസെന്റീവിന് അർഹരായ ഔട്ട്ലെറ്റിലെ ജീവനക്കാർക്കും ഫാക്ടറിയിൽ നിന്നും നേരിട്ട് സെയിൽസ് നടത്തി സ്പെഷ്യൽ ഇൻസെന്റീവിന് അർഹരായ ഫാക്ടറി മാനേജറൻമാർക്കും ഡയറക്ടർ ബോർഡ് യോഗത്തിൽ വച്ച് ചെയർമാൻ എസ് ജയമോഹൻ ഇൻസെന്റീവ് വിതരണം ചെയ്തു.

യോഗത്തിൽ മാനേജിങ് ഡയറക്ടർ സുനിൽ ജോൺ കെ, ഡയറക്ടർ ബോർഡ് അംഗങ്ങൾ മറ്റ് ഉദ്യോഗസ്ഥർ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# ജല ലഭ്യതക്കനുസരിച്ച് ജലവിനിയോഗവും ആസൂത്രണവും ആവശ്യം : മന്ത്രി റോഷി അഗസ്റ്റിൻ

**ഇടുക്കി:** സംസ്ഥാനത്തിന്റെ ജല ലഭ്യതക്ക് അനുസരിച്ചു ജലവിനിയോഗവും ഇത് സംബന്ധിച്ചുള്ള പദ്ധതി ആസൂത്രണവും ആവശ്യമാണെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. ഈ ദിശയിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് രാജ്യത്താദ്യമായി കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ജലബജറ്റ് തയ്യാറാക്കാൻ തുടക്കമിട്ടതെന്നും അദ്ദേഹം പറഞ്ഞു. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി സംഘടിപ്പിക്കുന്ന ജലസംരക്ഷണ സാങ്കേതിക സമിതി ശിൽപ്പശാല കോവളം വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ ഓൺലൈൻ ആയി ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു പ്രദേശത്ത് ലഭിക്കുന്ന ജലം നഷ്ടപ്പെടാതെ പൂർണമായും പ്രയോജനപ്പെടുത്താനായാൽ നമ്മുടെ സംസ്ഥാനത്തിന്റെ മിക്ക ഇടങ്ങളിലും ആവശ്യമായ ജലം ഇവിടെ തന്നെ ലഭിക്കുന്നുണ്ട് എന്നാണ് പൊതുവെ കണ്ടെത്തിയിരിക്കുന്നതെന്നു മന്ത്രി ചൂണ്ടിക്കാട്ടി. കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ഹരിത കേരളം മിഷൻ നേതൃത്വം നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

ചുരുങ്ങിയ സമയം കൊണ്ട് നിരവധി ജല സ്രോതസുകൾ സംസ്ഥാനത്ത് വീണ്ടെടുക്കാനായെന്നും എന്നാൽ അവയുടെ തുടർ സംരക്ഷണം സുപ്രധാനമാണെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി. എൻ. സീമ പറഞ്ഞു.ഇതിനായി വിവിധ വകുപ്പുകളുടെയും ഏജൻസിയുടെ ശ്രമം ആവശ്യമാണ്. ജനങ്ങൾ ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ടെന്നും ഡോ.ടി. എൻ സീമ അഭിപ്രായപ്പെട്ടു. വരൾച്ച മുന്നിൽ കണ്ട് വൻ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള മുന്നൊരുക്കവും ആസൂത്രണവുമാണ് സംസ്ഥാനത്ത് നടന്നു വരുന്നത്.

# തട്ടുകട മുതൽ പഞ്ചനക്ഷത്രം വരെ; രുചിയുടെ 11 മേളകളുമായി കേരളീയം

**തിരുവനന്തപുരം:**നാവിൽ നാടിന്റെ മുഴുവൻ രുചികളുമായി കേരളീയം ഭക്ഷ്യമേള നഗരത്തിലെത്തുന്നു. നവംബർ ഒന്നുമുതൽ ഏഴുവരെ തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന മലയാളത്തിന്റെ മഹോത്സവം കേരളീയത്തിന്റെ ഭാഗമായാണ് നാളിതുവരെ കണ്ടിട്ടില്ലാത്ത രുചിമേളം അനന്തപുരിക്ക് വിരുന്നൊരുക്കുന്നത്. 11 വ്യത്യസ്ത തരത്തിലുള്ള ഭക്ഷ്യമേളകളാണ് ഒരാഴ്ചക്കാലം നഗരത്തിൽ രുചിലോകം തീർക്കാനെത്തുന്നത്.

തട്ടുകട ഭക്ഷണം മുതൽ പഞ്ചനക്ഷത്രഭക്ഷണം വരെ കേരളീയത്തിലെ സന്ദർശകർക്ക് ആസ്വദിക്കാനാവുന്ന തരത്തിൽ വ്യത്യസ്തയുടെ വിഭവങ്ങളാണ് ഒരുക്കുന്നത്. കേരളത്തിലെ തനത് വിഭവങ്ങൾ അണിനിരത്തിക്കൊണ്ട് കനകക്കുന്നിൽ നടക്കുന്ന ബ്രാൻഡഡ് ഫുഡ് ഫെസ്റ്റിവൽ ആണ് മേളയിലെ പ്രധാന ആകർഷണം. രാമശ്ശേരി ഇഡലി, അമ്പലപ്പുഴ പാൽപ്പായസം, തലശ്ശേരി ദം ബിരിയാണി, അട്ടപ്പാടി വന സുന്ദരി, പൊറോട്ടയും ബീഫും തുടങ്ങി കേരളത്തിന്റെ സവിശേഷമായ ഭക്ഷണങ്ങളെ ബ്രാൻഡ് ചെയ്ത് അവതരിപ്പിക്കുന്ന ബ്രാൻഡഡ് ഫെസ്റ്റിവൽ ഭക്ഷണ പ്രേമികൾക്കു രുചിയുടെ കേരളപ്പെരുമ സമ്മാനിക്കും. എ.കെജി സെന്റർ മുതൽ സ്പെൻസർ ജംഗ്ഷൻ വരെയും സ്പെൻസർ ജംഗ്ഷൻ മുതൽ വാൻറോസ് ജംഗ്ഷൻ വരെയുമുള്ള വീഥികളിലെ സ്ട്രീറ്റ് ഫുഡ് ഫെസ്റ്റും അതിനൊപ്പം അരങ്ങേറുന്ന തെരുവുകലാവിരുന്നും സവിശേഷ അനുഭവം സമ്മാനിക്കും.

മാനവീയം വീഥിയിൽ കേരളത്തിന്റെ പരമ്പരാഗത ഭക്ഷണങ്ങളുടെയും അടുക്കളയിലെ പഴയകാല വസ്തുക്കളുടെയും പ്രദർശനവുമായി എത്തുന്ന പഴമയുടെ തനിമയാണ് മറ്റൊരു വിരുന്ന്. സെൻട്രൽ സ്റ്റേഡിയത്തിലെ മുഖ്യവേദിയിലാണ് ഫൈവ് സ്റ്റാർ ഫെസ്റ്റിവൽ അരങ്ങേറുക. പട്ടികവർഗ വികസനവകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന എത്നിക് ഭക്ഷ്യമേള, കുടുംബശ്രീ ഭക്ഷ്യമേള, പാലും പാലുൽപ്പന്നങ്ങളും, മത്സ്യവിഭവങ്ങൾ എന്നിവയുടെ ഭക്ഷ്യമേള, സഹകരണവകുപ്പ്, കാറ്ററിംഗ് അസോസിയേഷൻ എന്നിവയുടെ ഭക്ഷ്യമേള, വളർത്തുമൃഗങ്ങൾക്കായുള്ള പെറ്റ് ഫുഡ്ഫെസ്റ്റ് എന്നിങ്ങനെ വിവിധ തരം മേളകളാണ് അരങ്ങേറുന്നത്. ഇവയ്ക്കു പുറമേ കനകക്കുന്നിലെ സൂര്യകാന്തിയിൽ പാചക മത്സരവും വ്ളോഗർമാരുമായുള്ള ചർച്ചയും സംഘടിപ്പിക്കും.




# ജനനി പദ്ധതി തുടങ്ങി

**പുത്തൂർ:** ഗ്രാമപഞ്ചായത്തിൽ ഗർഭിണികൾക്കും പ്രസവം കഴിഞ്ഞ അമ്മമാർക്കുമായുള്ള ജനനി പദ്ധതിയ്ക്ക് തുടക്കമാകുന്നു. അഞ്ചുമാസം മുതൽ പ്രസവാനന്തരം 41 ദിവസം വരെ ആവശ്യമായ ഡോക്ടറുടെ നിർദ്ദേശങ്ങളും ആയുർവേദ മരുന്നുകളും നൽകുന്നതാണ് പദ്ധതി. പഞ്ചായത്തിലെ എല്ലാ സ്ത്രീകൾക്കും ജനനിയുടെ ഭാഗമാകാൻ അവസരമുണ്ട്. ശാസ്ത്രീയമായ രീതികൾ അവലംബിക്കാത്ത ഗർഭ പ്രസവാനന്തര ആയുർവേദ ചികിത്സാ രീതികളെ ഒഴിവാക്കുവാനും ശാസ്ത്രീയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ഗർഭിണിക്കും ആവശ്യമായ തരത്തിൽ പരിചരണം ഉറപ്പാക്കുവാനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.